# ആത്മപ്രകാശിനി

## 2009 ജനുവരി

*ആത്മപ്രകാശിനി പി. ഡി. എഫ്. ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ്. ആത്മപ്രകാശിനി പി. ഡി. എഫ്. ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.*

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of "Athmaprakashini, Kumbanad".**

# അകത്താളുകളിൽ

**യിസ്രായേലും നിയമപെട്ടകവും**
ഡോ. ഒ.എം. ശാമുവേൽ ................. 3

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട് ......................... 4

**പരിണാമ സൃഷ്ടി വിവാദം........**
ഡോ.ജോൺസൺ ജോർജ്ജ്........... 6

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. ശാമുവേൽ ................. 7

**തടവറയിലെ ജീവിതം**
വിനോദ് തോമസ് ............................... 9

**തിമൊഥെയൊസിന് എഴുതിയ . . . .**
ജേക്കബ് തോമസ് .............................. 10

**കോൺഫെഡറേഷൻ . . . . . .**
ഡോ. കെ.സി. ജോൺസൺ ........... 11

**പുനരുത്ഥാനത്തിന്റെ പ്രസക്തി**
യോഹന്നാൻ ഏബ്രഹാം ................ 12

**ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി . . .**
കെ.എ. ഏബ്രഹാം ............................ 13

**ക്രിസ്തുവിലായാൽ**
ഗിരിജാ ജോസഫ് ......................... 15

**അനുസ്മരണം**
രാജൻ വി. തോമസ് ...................... 16

**സഭയ്ക്കുള്ളിലെ കൈപ്പുള്ള . . . . . .**
ജോർജ്ജ് സി. വർഗീസ് .................. 17

**ബൈബിൾ പ്രശ്നാവലി ................** 20

**വാർത്തകളും, കുറിപ്പുകളും** 22

## *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVIII** **No.1**

## 2009 ജനുവരി

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@gmail.com
+919447265500


www.bahrainbrethren.com

# യിസ്രായേലും നിയമപ്പെട്ടകവും

ഡോ. ഒ.എം. ശാമുവേൽ

സംഭവബഹുലമായ 2008 ചരിത്രത്തിന്റെ ഏടുകളിൽ മറയുകയായി. അപ്രതീക്ഷിത സംഭവങ്ങൾ അരങ്ങേറി. ഇന്ത്യയുടെ കവാടം എന്നറിയപ്പെടുന്ന മുംബൈ നഗരം ഭീകരന്മാരുടെ കവാടമായി മാറി എന്നത് ഇന്നും നടുക്കത്തോടുകൂടിയാണ് നാം ഓർക്കുന്നത്. എന്നാൽ ഇവയെല്ലാം ഗതകാലസംഭവങ്ങളായി മാറിക്കഴിഞ്ഞു അനിശ്ചിതത്വം നിറഞ്ഞ ഒരു പുതുവത്സരത്തിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞല്ലോ. ആത്മപ്രകാശിനി വായനക്കാർക്ക് ഞങ്ങളുടെ ഹൃദയംഗമമായ നവവത്സരാശംസകൾ.

അടിമത്തത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് വാഗ്ദത്തനാടായ കനാനിലേക്കുള്ള യിസ്രായേലിന്റെ യാത്രയിൽ അവരെ ലക്ഷ്യസ്ഥാനത്തെത്തിച്ച പല ഘടകങ്ങൾ ഉണ്ടായിരുന്നു. അവയിൽ ഒന്നായിരുന്നു നിയമപെട്ടകം. നിയമപെട്ടകത്തിന്റെ നിർമ്മാണ വസ്തുക്കളും അതിന്റെ ശുശ്രൂഷകളും യേശുക്രിസ്തുവിന്റെ അർത്ഥവത്തായ ഒരു നിഴലായിരുന്നു. പ്രത്യേകിച്ച് വാഗ്ദത്ത നാട്ടിലേക്കുള്ള അവരുടെ പ്രവേശനത്തിന് തടസ്സമായി നിന്ന യോർദ്ദാൻനദി കടക്കുന്നതിനും അതുകഴിഞ്ഞ് ബലവത്തായ യെരിഹോ മതിൽ തകർക്കുന്നതിനും നിയമപെട്ടകത്തിന്റെ പ്രാധാന്യം നാം ഗ്രഹിച്ചിരിക്കേണ്ടതാണ്. മാനുഷികമായ നിലയിൽ യോർദ്ദാൻ നദി കടക്കുക അസാദ്ധ്യം തന്നെ. ഈ രംഗത്താണ് നിയമ പെട്ടകത്തിന്റെ സാന്നിദ്ധ്യവും ശുശ്രൂഷയും നാം കാണുന്നത്. വേനൽക്കാലത്തുപോലും കരകവിഞ്ഞൊഴുകുന്ന യോർദ്ദാൻ കടക്കാതെ വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുവാനും സാദ്ധ്യമല്ല. യഹോവയുടെ നിയമപെട്ടകവും അതിനെ ചുമക്കുന്ന പുരോഹിതന്മാരെയും കാണുമ്പോൾ യിസ്രായേൽ അവരെ അനുഗമിക്കണം. നിയമപ്പെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ കാലുകൾ യോർദ്ദാനിലെ വെള്ളത്തിൽ ചവിട്ടുമ്പോൾ യോർദ്ദാനിലെ വെള്ളം ആദാം പട്ടണം വരെ പിൻവാങ്ങിപ്പോയി. യിസ്രായേൽ ഉണങ്ങിയ നിലത്തുകൂടി യോർദ്ദാൻ കടന്ന് അക്കരയെത്തി. യോർദ്ദാനിലെ വെള്ളം ന്യായവിധിയുടെ ഒരു ചിത്രമാണ്. നിയമപ്പെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ കാലുകൾ വെള്ളത്തെ സ്പർശിച്ചപ്പോൾ വെള്ളം ആദാം പട്ടണം വരെ പിൻവാങ്ങിപ്പോയി എന്നത് അനുഗ്രഹീതമായ ഒരു ആത്മീയ സത്യം നമ്മെ ഗ്രഹിപ്പിക്കുന്നു. യേശുക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ മനുഷ്യവർഗ്ഗത്തിന്റെ ആദാം വരെയുള്ള പാപത്തിന്റെ പരിഹാരമല്ലേ സാധിച്ചത്. നിയമപ്പെട്ടകം യേശുക്രിസ്തുവിന്റെ നിഴലാണല്ലോ.

ഈ നവവത്സരത്തിൽ നമ്മുടെ വാഗ്ദത്ത നാട്ടിലേക്കുള്ള പ്രയാണത്തിൽ ഇതുപോലെയുള്ള വൈതരണികൾ വന്നു എന്നു വരാം. മാനുഷികമായി പരിഹാരം കാണാൻ അസാദ്ധ്യമായ യോർദ്ദാൻ നമ്മുടെ യാത്രയെയും ബാധിച്ചു എന്നു വരാം. എന്താണ് പരിഹാര മാർഗ്ഗം. നിയമപ്പെട്ടകമാകുന്ന യേശുക്രിസ്തുവിനെ നമ്മുടെ മുൻപിൽ നാം കാണണം. ജീവിതത്തിലെ ഏതു ശക്തമായ ഓളങ്ങളെയും തിരമാലകളെയും ശമിപ്പിക്കുവാൻ അവന്റെ വാക്കുകൾക്കു ശക്തിയുണ്ട്. നമുക്ക് എതിരായി വരുന്ന ഏത് ജലപ്രവാഹത്തെയും വറ്റിച്ച് അവൻ നമ്മെ ശുഭതുറമുഖത്ത് എത്തിക്കും. യേശുക്രിസ്തുവാകുന്ന നിയമപെട്ടകം നമ്മോടുകൂടെയുണ്ട് എങ്കിൽ ഭയപ്പെടേണ്ട ആവശ്യം ഇല്ല.

യേശുക്രിസ്തു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്ത അത്ഭുതങ്ങളിൽ രണ്ടെണ്ണം യോഹ. 6-ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഒന്ന് അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിക്കുന്നതും അതുകഴിഞ്ഞ് തിരമാലകളാലും കാറ്റിനാലും ഭയത്തിൽ ആയിപ്പോയ ശിഷ്യന്മാരുടെ ആശ്വാസത്തിനായി വെള്ളത്തിന്മേൽ നടന്നുചെല്ലുന്ന കർത്താവിന്റെ സാമീപ്യവുമാണ്. ഇതു രണ്ടും സഭയോടുള്ള ബന്ധത്തിൽ ചിന്തിക്കുന്നതു നന്നായിരിക്കും. ദൈവസഭയെ കർത്താവ് തീറ്റിപ്പോറ്റുന്നവനാണ്. രാത്രി മുഴുവൻ അദ്ധ്വാനിച്ച പിന്മാറ്റത്തിൽ പോയ ശിഷ്യന്മാർക്ക് കനലിന്മേൽ ചുട്ട അടയും മീനും കർത്താവു നൽകി അവരെ ബലപ്പെടുത്തുന്നു. അതുപോലെ കർത്താവു തന്റെ സഭയെയും അത്ഭുതകരമായി തീറ്റിപ്പോറ്റുന്നവനാണ്. അതുപോലെ ദൈവസഭ ഈ ലോകത്തിലെ കാറ്റിനാലും തിരമാലകളാലും വലയുമ്പോൾ വെള്ളത്തിന്മീതെ നടന്ന് കർത്താവ് തന്റെ ജനത്തിന് ആശ്വാസം നൽകി അപകടഭീതിയിൽ നിന്ന് വിടുവിക്കുന്നു. 2009 ലെ ഓരോ ദിവസവും കർത്താവു നമ്മെ തീറ്റിപ്പോറ്റി അപകടവേളകളിൽ ഓടിയെത്തി നമ്മെ ആശ്വസിപ്പിക്കും.

യോർദ്ദാൻ കഴിഞ്ഞ് യിസ്രായേലിന്റെ മുൻപിൽ കാണാൻ സാധിച്ചത് യെരീഹോ പട്ടണത്തിന്റെ വന്മതിലുകളാണ്. ഈ അതിബലവത്തായ വന്മതിൽ എങ്ങനെ തകർത്ത് മുന്നേറാൻ സാധിക്കും? മാനുഷിക ചിന്തയ്ക്ക് അസാദ്ധ്യമായ ഒരു തടസ്സം. എന്നാൽ ഈ ഭാഗത്തും യോശുവ ആശ്രയിക്കുന്നത് യഹോവയുടെ നിയമപ്പെട്ടകത്തേയാണ്. നിയമപ്പെട്ടകത്തിന്റെ മുൻപിൽ കാഹളം ഊതുന്ന പുരോഹിതന്മാരും നിയമപ്പെട്ടകം ചുമക്കുന്നവരും പട്ടണത്തിന്റെ ചുറ്റും നടക്കുക ശ്രമരഹിതമായ ഒരു പ്രക്രിയ.



www.bahrainbrethren.com

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

എസ്. ജി. ഗിൽബർട്ട്, ആറാമട

## A. എവിടെയാണ് ആരാധിക്കേണ്ടത്?

### 1. പഴയ നിയമത്തിൽ

സൃഷ്ടിയുടെ ആരംഭത്തിൽ സ്രഷ്ടാവിനെ നേരിൽക്കണ്ട് ആരാധിച്ചിരുന്നു. പാപം ചെയ്ത ശേഷം ആദാമ്യ സന്തതികൾ സമാഗമന കൂടാരം സ്ഥാപിക്കപ്പെടുന്നതുവരെ അവരവർ തിരഞ്ഞെടുക്കുന്ന സ്ഥലത്തും മറ്റു ചില സന്ദർഭങ്ങളിൽ ദൈവം കല്പിക്കുന്ന സ്ഥലത്തും യാഗം കഴിച്ച് ദൈവത്തെ ആരാധിച്ച് മഹത്വപ്പെടുത്തിയിരുന്നു (ഉല്പത്തി. 22:2,3,9). യെരുശലേമിൽ ദൈവാലയം ഉണ്ടായശേഷം ദൈവാലയത്തിൽ മാത്രം ദൈവത്തെ ജനം ആരാധിച്ചിരുന്നു.

### 2. പുതിയ നിയമത്തിൽ

പു.നി. ആരാധനയ്ക്കായി കൂടുവാൻ ഒരു പ്രത്യേക സ്ഥലം ചൂണ്ടിക്കാണിച്ചിട്ടില്ല. ക്രൈസ്തവസഭയുടെ ആരംഭത്തിൽ അവർ മാളികമുറിയിൽ കൂടിയിരുന്നു. പ്രാരംഭഘട്ടത്തിൽ "ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു....." (അപ്പൊ. 2 : 46). ചെറിയ ചെറിയ കൂട്ടങ്ങളായി വീട്ടിൽ കൂടിയിരുന്നു. ഫിലേമോന്റെ വീട്ടിൽ സഭയുണ്ടായിരുന്നു (ഫിലേ. 2). കർത്താവ് നൽകിയ വാഗ്ദത്തം ഇങ്ങനെയാണ്. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിലുണ്ട്" (മത്തായി 18:20). കർത്താവിന്റെ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കേണ്ടത് എന്താണ്? ദൈവജനം കൂടിവരുവാൻ പ്രത്യേകമായ ഒരു സ്ഥലം ഇല്ല. എല്ലാവരും ഒരുമിച്ചു കൂടുന്നതിനും ഏകാഗ്രമായി ആരാധിക്കുന്നതിനുമായി യോജിച്ച ഏതു സ്ഥലവും അതിനായി തിരഞ്ഞെടുക്കാം. അത് വീടോ അതിലേക്കു വേർതിരിച്ച സ്ഥലമോ സഭാഹാളോ ആകാം. യെരുശലേം ദൈവാലയത്തെപ്പോലെ പണിതുയർത്തിയ ദൈവാലയം തന്നെ വേണമെന്ന് നിർദ്ദേശിച്ചിട്ടില്ല.

എ.ഡി. മൂന്നാം നൂറ്റാണ്ടു വരെ ക്രൈസ്തവസഭ പീഢകളിലൂടെ കടന്നുപോയി. എ.ഡി. 312 നു ശേഷം, കുസ്തന്തിനോസ് ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചു. അതിനുശേഷം അദ്ദേഹത്തിന്റെ താല്പര്യ പ്രകാരം പടുകൂറ്റൻ പള്ളികൾ പണിയപ്പെട്ടു. പു.നി. കാലയളവിൽ ദൈവജനത്തിന് ഒരുക്കത്തോടുകൂടെ എവിടെ വേണമെങ്കിലും ആരാധിക്കാം.

## B. ആരാധനയ്ക്കായി കൂടിവരേണ്ട സമയം

സഭയുടെ ഉത്ഭവസമയങ്ങളിൽ "ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പംനുറുക്കിക്കൊണ്ടു....." (അപ്പൊ. 2:46). ആദ്യനാളുകളിൽ ദിവസവും വീടുകളിൽ കൂടിവരികയും അപ്പം നുറുക്കുകയും ചെയ്തിരുന്നു. ആ രീതി അധികനാൾ നിലനിന്നില്ല. അത് പരിവർത്തനത്തിന്റെ കാലമായിരുന്നു. "ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പംനുറുക്കുവാൻ കൂടിവന്നപ്പോൾ പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു...." (അപ്പൊ. 20:7) "ആഴ്ചവട്ടത്തിന്റെ ആദ്യദിനം മൂലഭാഷയിൽ ശബ്ബത്തിന്റെ ആദ്യം എന്നോ ശബ്ബത്തിന്റെ ശേഷമുള്ള ആദ്യദിവസമെന്നോ ശബ്ബത്തിനോട് ബന്ധമുള്ള ആദ്യദിവസം (ഞായറാഴ്ച) എന്നോ അർത്ഥമാക്കാവുന്നതാണ്" അങ്ങനെ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനം ഞായറാഴ്ച തന്നെയാണ് (ലൂക്കൊസ്. 24:1, യോഹ 20:1,9)

സഭ വളർച്ച പ്രാപിച്ചു തുടങ്ങിയപ്പോൾ ഞായറാഴ്ച കർത്തൃമേശ ആചരിക്കുന്ന രീതി പ്രാബല്യത്തിൽ വന്നു. ദിവസവും കൂടുന്ന രീതി മാറി കർത്തൃദിവസമായ ഞായറാഴ്ച തന്നെ കൂടുന്ന രീതി സ്ഥിരീകരിക്കപ്പെട്ടു.

### 1. എന്തുകൊണ്ട് ഞായറാഴ്ച ആരാധനയ്ക്കായി തിരഞ്ഞെടുത്തു.

a. യേശു ക്രിസ്തു ഉയിർത്തെഴുന്നേറ്റത് ഞായർ പ്രഭാതത്തിലാണ് (മത്തായി. 28:2; മർക്കൊസ്. 16:2, ലൂക്കൊസ് 24:1; യോഹ. 20:1)

b. യേശുക്രിസ്തുവിന്റെ പുനരുത്ഥാനശേഷമുള്ള

---

ഏഴാം ദിവസം ഈ പ്രക്രിയ 7 പ്രാവശ്യം ആവർത്തിക്കണം. യെരിഹോ പട്ടണത്തിന്റെ വന്മതിൽ നിലം പതിച്ചു വീഴുന്ന അത്ഭുതകരമായ കാഴ്ച യിസ്രായേൽ കണ്ട് ഇതികർത്തവ്യതാ മൂഢരായി നിന്നു പോയി.

ഇതുപോലെ പ്രിയരെ 2009 ൽ സാത്താന്റെ ശക്തമായ യെരിഹോ മതിലുകൾ നമുക്കെതിരെ ഉയർന്നു എന്നു വരാം. ഭയപ്പെടേണ്ട നമുക്ക് ആശ്രയിക്കാൻ തക്ക ഒരു നിയമപ്പെട്ടകം യേശുക്രിസ്തു ഉണ്ട്. അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ മാറ്റമില്ലാത്ത നമ്മുടെ ആത്മനാഥൻ യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനായി നമ്മോടുകൂടെയുണ്ട്. ജീവിതത്തിലെ ഏതു വന്മതിലും അവന്റെ വാക്കിന്റെ ശക്തിയാൽ അടിസ്ഥാനങ്ങൾ ഇളകി നിലംപതിക്കും. വാഗ്ദത്ത ദേശത്ത് അവൻ നമ്മെ എത്തിക്കും. ആ ശുഭതുറമുഖത്ത് കർത്താവിനോടൊത്ത് കാത്ത് നമുക്ക് ഒരുമിച്ച് ആനന്ദിക്കാം. അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ●



www.bahrainbrethren.com

8 പ്രത്യക്ഷതകളിൽ ആറെണ്ണവും നടന്നത് ഞായറാഴ്ചയാണ്.

c. പരിശുദ്ധാത്മാവ് ഇറങ്ങി വരികയും സഭ രൂപം കൊണ്ടതും ഞായറാഴ്ചയാണ്.

d. യോഹന്നാന് പത്മോസിൽ കർത്താവ് വെളിപ്പെട്ടത് ഞായറാഴ്ചയാണ് (വെളി. 1:10).

മുകളിൽ കാണിക്കപ്പെട്ട പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിലാണ് അവർ കർത്തൃമേശ ആചരണത്തിനും ആരാധനയ്ക്കുമായി ഞായറാഴ്ച കൂടിവന്നിരുന്നത്. സഭ ക്രമീകൃതമായ ഒരു നിലയിലേക്ക് വന്നതിനു ശേഷം ഞായറാഴ്ചയല്ലാതെ മറ്റൊരു ദിവസം ആരാധനയ്ക്കായി കൂടിവന്നിട്ടുള്ളതായി കാണാൻ സാധിക്കുന്നില്ല.

**2. സഭാ ചരിത്ര തെളിവുകൾ**

ആദിമകാലഘട്ട സഭാ പിതാക്കന്മാരായ ഇഗ്നേഷ്യസ്, ഒറിജൺ ജസ്റ്റിൻ മാർട്ടിയർ, ഐറേനിയസ്, അലക്സാണ്ട്രിയയിലെ ക്ലെമന്റ് തെർത്തുല്യൻ, സൈപ്രിയൻ എന്നിവരെല്ലാം സഭയുടെ ഞായറാഴ്ച ആചരണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജസ്റ്റിൻ മാർട്ടിയർ (എ.ഡി. 100-165) തന്റെ 'First Apology' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. "ഞങ്ങൾ ഞായറാഴ്ച ഈ പൊതുവായ കൂടിവരവ് നടത്തുന്നു. കാരണം ദൈവം ഇരുട്ടിനെ മാറ്റുകയും പ്രപഞ്ചത്തെ നിർമ്മിക്കുകയും ചെയ്തത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിലാണ്. മാത്രമല്ല, ഈ ദിവസമാണ് കർത്താവായ യേശുക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റത്" ("ആദ്യകാല സഭാപിതാക്കന്മാർ" സിറിൽ റിച്ചാർഡ്സ്. പേജ് 287).

ഞായറാഴ്ച ഉയിർപ്പുദിനം ആഘോഷിക്കുവാനുള്ള തീരുമാനം അപ്പൊസ്തലിക പാരമ്പര്യമനുസരിച്ചാണെന്നു കൈസര്യയിലെ ബിഷപ്പായ യുസെബിയസ് തന്റെ സഭാ ചരിത്രത്തിൽ വാദിച്ചിരിക്കുന്നു. ഞായറാഴ്ച മാത്രമേ കൂടിവരാവൂ എന്നൊരു കല്പന തിരുവെഴുത്തിൽ നാം കാണുന്നില്ല. എന്നാൽ പിതാക്കന്മാർ കർത്താവിനെ ആരാധിക്കാൻ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം മാത്രം കൂടിയിരുന്നു. ഇടയ്ക്കുള്ള ദിവസങ്ങളിൽ കൂടിയിരുന്നെങ്കിലും കർത്തൃമേശ ആചരിച്ചിരുന്നതായി നാം കാണുന്നില്ല.

F.F.Bruce അപ്പൊസ്തല പ്രവൃത്തിയുടെ വ്യാഖ്യാനത്തിൽ അപ്പൊ. 20:7 ൽ പറഞ്ഞിരിക്കുന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം എന്നുള്ള പ്രയോഗം "ഞായറാഴ്ച കൂടിവന്നു കർത്താവിനെ ആരാധിക്കുക എന്ന ക്രിസ്തീയ സമ്പ്രദായത്തിന് സഹായകരമായ ആദ്യത്തേതും സ്പഷ്ടവുമായ തെളിവാണ്" [F.F.Bruce, Acts, PP. 407-408).

ദൈവവചനത്തിലെ പ്രമാണങ്ങളെയും അപ്പൊസ്തൊലിക മാതൃകയെയും അവഗണിച്ചുള്ള ആരാധനാ രീതി അഭികാമ്യമല്ല. അത് തിരുവെഴുത്തിൽ നിന്നും അകന്ന മാതൃകയാണ്. ഞായറാഴ്ച അല്ലാതെ സഭയായി കൂടിവന്ന് ആരാധിക്കുന്ന രീതി അവലംബിച്ചാൽ അത് ദൂരവ്യാപകമായ ദോഷമുണ്ടാക്കും. തലമുറകൾ നശിക്കുവാനും തെറ്റായ ഉപദേശം യുവജനങ്ങളുടെ ഇടയിൽ കടക്കുന്നതിനും ഇടയാകും. അങ്ങനെ സംഭവിക്കാതിരിക്കാൻ നമുക്ക് അപ്പൊസ്തലിക മാതൃക മാത്രം പിൻപറ്റുന്നതാണ് ഉത്തമം (തുടരും)

## ആത്മപ്രകാശിനി 28-ാം വയസ്സിലേക്ക്

2008 ഞെട്ടിപ്പിക്കുന്ന അനേക ഭീകര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് ചരിത്രത്തിന്റെ ഏടുകളിൽ മറഞ്ഞു കഴിഞ്ഞു. പുതുവത്സരത്തിൽ എത്തിയിരിക്കുന്ന നമുക്ക് പുറകോട്ട് തിരിഞ്ഞ് നോക്കിക്കൊണ്ട് ഇത്രത്തോളം സഹായിച്ച, നടത്തിയ ദൈവത്തെ നന്ദിയോടു കൂടി സ്തുതിക്കാം. മഹത്വപ്പെടുത്താം. പുതുവർഷം 2009ൽ "ഭയപ്പെടേണ്ട ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ഞാൻ നിന്നെ പേർചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ. നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടി ഇരിക്കും. നീ നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല. നീ തീയിൽക്കൂടി നടന്നാൽ വെന്തുപോകയില്ല. അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല. നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ...." (യെശ. 43:1-3) എന്ന വാഗ്ദത്തം തന്നവനിൽ ആശ്രയിച്ച് ജീവിതം തുടരാം, ധന്യമാക്കാം.

ആത്മപ്രകാശിനി 28-ാം വയസ്സിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞ 27 വർഷങ്ങൾ മാസിക മുടക്കം കൂടാതെ പ്രസിദ്ധീകരിക്കുവാൻ സഹായിച്ച ദൈവത്തെ സ്തുതിക്കുകയും ഈ ശുശ്രൂഷയിൽ സഹകരിച്ച എല്ലാ സ്നേഹിതന്മാരോടുമുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു.

വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചെലവുകൾ മാസിക പ്രസിദ്ധീകരണത്തിൽ ഞങ്ങളേയും ബുദ്ധിമുട്ടിക്കുന്നുണ്ടെങ്കിലും തൽക്കാലം വരിസംഖ്യ വർദ്ധിപ്പിച്ച് മാന്യവായനക്കാരെ ഭാരപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ പ്രിയ വായനക്കാർ ചെയ്യേണ്ടുന്ന കാര്യം വരിസംഖ്യ കുടിശ്ശിഖയുള്ളതും 2009 ലേത് മുൻകൂറായും അയച്ചു തന്നും സംഭാവനകൾ നൽകിയും ഈ ആത്മീയ ശുശ്രൂഷയിൽ പങ്കാളികളാകാവുന്നതാണ്. വരിസംഖ്യ കൃത്യമായി തന്ന് സഹകരിക്കുന്ന മാന്യവായനക്കാരോടുള്ള നന്ദി അറിയിച്ചുകൊള്ളുന്നു. മാന്യമിത്രങ്ങൾക്കേവർക്കും ഞങ്ങൾ പുതുവർഷാശംസകൾ അറിയിച്ചുകൊള്ളുന്നു. C.A.G.


www.bahrainbrethren.com

# പരിണാമ സൃഷ്ടി വിവാദം : ഒരു പുന:പരിശോധന - 29

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം 20. ജലപ്രളയത്തിനെതിരെയുള്ള ആക്ഷേപങ്ങൾക്ക് മറുപടി. Part IV**

**ആക്ഷേപം 5** : നോഹയുടെ പെട്ടകത്തെക്കുറിച്ചും അതിൽ കയറിയ ജന്തുക്കളെക്കുറിച്ചും പല ആക്ഷേപങ്ങൾ വിമർശകർ ഉന്നയിക്കാറുണ്ട്. അവക്ക് താഴെ മറുപടി കൊടുക്കുന്നു.

**1. ലോകത്തിലുള്ള ജന്തുക്കളുടെ സ്പീഷീസുകളെ (Species) എല്ലാം ഒരു പെട്ടകത്തിൽ എങ്ങനെ കയറ്റുവാൻ സാധിക്കും ?**

**മറുപടി :** ഇന്ന് ശാസ്ത്രജ്ഞന്മാർ ജന്തുക്കളുടെ ഏകദേശം 14 ലക്ഷം (1.4 Million) സ്പീഷീസുകളെ തിരിച്ചറിഞ്ഞ് വിവരിച്ച് കഴിഞ്ഞിരിക്കുന്നു. ചില വിമർശകർ പലപ്പോഴും ഈ വലിയ സംഖ്യ കാണിച്ച് നോഹയുടെ കാലത്തെ ജലപ്രളയത്തെ അവഹേളിക്കാറുണ്ട്. പക്ഷേ, ഈ ബന്ധത്തിൽ നാം 2 കാര്യങ്ങൾ അറിഞ്ഞിരിക്കണം. 1). ലോകത്തിലുള്ള എല്ലാ ജന്തുക്കളെയും പെട്ടകത്തിൽ കൊണ്ടുപോകുവാൻ ദൈവം കല്പിച്ചില്ല. കരജന്തുക്കളെ മാത്രം, അതായത് ഇഴജന്തുക്കൾ (Reptiles), പക്ഷികൾ (Birds), സസ്തന ജീവികൾ (Mammals) എന്നീ 3 വർഗ്ഗങ്ങളിൽ പെട്ട ജന്തുക്കളെ മാത്രം പെട്ടകത്തിൽ കൊണ്ടുപോകാനാണ് ദൈവം കൽപ്പിച്ചത് (ഉല്പത്തി 6:20). ഈ 3 വർഗ്ഗങ്ങളിലായി വിവരിക്കപ്പെട്ട സ്പീഷീസുകളുടെ എണ്ണം ഏകദേശം 22,850 മാത്രമാണ്. 2). അതതു സ്പീഷീസിൽ നിന്നല്ല, അതതു തരത്തിൽ (Kind) നിന്ന് ഈരണ്ട് ജന്തുക്കളെ പെട്ടകത്തിൽ കൊണ്ടുപോകാനാണ് ദൈവം കല്പിച്ചത്. ഒരുപോലെയുള്ള പല സ്പീഷീസുകൾ ചേർന്നുണ്ടാകുന്ന വലിയ ഒരു സമൂഹമാണ് തരം എന്നുള്ളത്. അങ്ങനെ കരജന്തുക്കളുടെ ഓരോ തരത്തിൽ നിന്നും ഈരണ്ട് ജന്തുക്കളെ എടുക്കുമ്പോൾ അത് വലിയ ഒരു സംഖ്യ ആകുന്നില്ല. John Woodmorappe എന്ന സൃഷ്ടിവാദ ശാസ്ത്രജ്ഞന്റെ കണക്കുകൂട്ടൽ അനുസരിച്ച് ഏകദേശം 8000 തരങ്ങളിൽ നിന്ന് ഈരണ്ട് ജന്തുക്കളെ നോഹ പെട്ടകത്തിൽ കൊണ്ടുപോയിരുന്നിരിക്കണം. (അങ്ങനെ മൊത്തത്തിൽ ഏകദേശം 16,000 ജന്തുക്കൾ).

**2. എല്ലാ കരജന്തുക്കളെയും കയറ്റുവാൻ തക്കവണ്ണം പെട്ടകത്തിന് വലിപ്പം ഉണ്ടായിരുന്നുവോ ?**

**മറുപടി :** "പെട്ടകത്തിന്റെ നീളം 300 മുഴം; വീതി 50 മുഴം; ഉയരം 30 മുഴം"(ഉല്പത്തി 6:15). ഒരു മുഴം (Cubit) എന്നത് 18 Inches അല്ലെങ്കിൽ 1 1/2 Feet ആണ്. അതുകൊണ്ട് പെട്ടകത്തിന്റെ നീളം 450 Feet, വീതി 75 Feet, ഉയരം 45Feet എന്നിങ്ങനെ ആയിരുന്നു. ഇത് ഏകദേശം 1 1/2 ഫുട്ബോൾ മൈതാനത്തിന്റെ നീളവും ഏകദേശം 5 നില കെട്ടിടത്തിന്റെ ഉയരവുമാണ്. പഴയകാലത്ത് മനുഷ്യർ നിർമ്മിച്ചിട്ടുള്ളതിൽ ഏറ്റവും വലിയ പെട്ടകം ആയിരുന്നു ഇത്. 1800കൾക്ക് ശേഷം മാത്രമാണ് മനുഷ്യർ ഇതിലും വലിയ കപ്പലുകൾ നിർമ്മിച്ചു തുടങ്ങിയത്. John Woodmorappe ന്റെ കണക്ക് അനുസരിച്ച് ഏകദേശം 16,000 കരജന്തുക്കളെ പാർപ്പിക്കുവാനായി പെട്ടകത്തിന്റെ ഏകദേശം 11.7% സ്ഥലം മാത്രമെ ആവശ്യമുണ്ടായിരുന്നുള്ളൂ.

**3. നോഹ ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും ജന്തുക്കളെ എങ്ങനെ ശേഖരിച്ചു?**

**മറുപടി:** നോഹക്ക് ലോകത്തിന്റെ എല്ലാഭാഗത്തും പോയി ജന്തുക്കളെ ശേഖരിക്കേണ്ടിവന്നില്ല. ജന്തുക്കൾ ജീവരക്ഷക്കായി നോഹയുടെ അടുക്കൽ വരും (Will come to you). എന്നാണ് ദൈവം കല്പിച്ചത് (ഉല്പ. 6.20) ദൈവം അവയെ വരുത്തി.

**4. ഓരോ ഭൂഖണ്ഡങ്ങളിലും ഉള്ള ജന്തുക്കൾ ഭൂമിശാസ്ത്രപരമായ തടസ്സങ്ങളെ (Geographical barriers), അതായത് കടൽ, മലകൾ, എന്നിവയെ തരണം ചെയ്ത് എങ്ങനെ നോഹയുടെ അടുക്കൽ എത്തി?**

**മറുപടി:** പ്രളയ-പൂർവ്വ ഭൂമിയിൽ ഒരു ഭൂഖണ്ഡം മാത്രം ഉണ്ടായിരുന്നിരിക്കാനാണ് സാദ്ധ്യത (ഉല്പത്തി 1:9-10). അതുകൊണ്ട് പെട്ടകത്തിനടുത്തേക്ക് വരുവാനായി ജന്തുക്കൾക്ക് ഭൂമിശാസ്ത്രപരമായ തടസ്സങ്ങൾ ഒന്നും ഇല്ലായിരുന്നു.

**5. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ ജന്തുക്കൾ അസ്വസ്ഥരാകാറുണ്ട്. പ്രളയ സമയത്ത് നിയന്ത്രണം നഷ്ടപ്പെടാതെ എങ്ങനെ ജന്തുക്കൾ പെട്ടകത്തിനുള്ളിൽ കഴിഞ്ഞു?**

**മറുപടി:** പ്രളയസമയത്ത് ദൈവം നോഹയെയും ജന്തുക്കളെയും കൈവിട്ടില്ല. ദൈവം പെട്ടകത്തിനുള്ളിൽ നിന്നുകൊണ്ട് നോഹയെ പെട്ടകത്തിലേക്ക് സ്വാഗതം ചെയ്യുകയായിരുന്നു."Come in to the ark"(ഉല്പ. 7:1 KJV) എന്ന് ദൈവം പറഞ്ഞത് ശ്രദ്ധിക്കുക. ദൈവ സാന്നിദ്ധ്യം പെട്ടകത്തിൽ ഉണ്ടായിരുന്നതു കൊണ്ട് ജന്തുക്കൾ നിയന്ത്രണം വിടാതെ ശാന്തരായി കഴിഞ്ഞു എന്ന് നമുക്ക് വിശ്വസിക്കാം.

**6. നോഹക്കും കുടുംബത്തിനും ഏകദേശം ഒരു വർഷക്കാലം ഇത്രയും ജന്തുക്കളെ പരിചരിക്കുവാൻ എങ്ങനെ സാധിച്ചു?**

**മറുപടി:** പ്രതികൂല കാലാവസ്ഥയിൽ പല ജന്തുക്കൾക്കും നീണ്ട മാസങ്ങൾ നിഷ്ക്രിയാവസ്ഥയിൽ(Hibernation) ആയിരിക്കുവാനുള്ള കഴിവുണ്ട്. ഈ സമയങ്ങളിൽ ജന്തുക്കൾ ഭക്ഷിക്കുകയോ വിസർജ്ജിക്കുകയോ ചെയ്യാറില്ല. ഒരു



www.bahrainbrethren.com

# മാളികമുറി പ്രഭാഷണം - 15

ഡോ. ഒ.എം. ശാമുവേൽ

“എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പു പോലെ പുറത്തു കളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു. ആ വക ചേർത്ത് തീയിൽ ഇടുന്നു. അതു വെന്തുപോകും” (യോഹ. 15:6). രക്ഷയുടെ ഭദ്രതയെ ചോദ്യം ചെയ്യുന്നവർ എടുത്തു കാണിക്കുന്ന ഒരു വാക്യാംശമാണിത്. അവനിൽ വസിക്കുക എന്നുള്ളതും അവനിലാകുക എന്നും ഉള്ളതിന്റെ അന്തരം മറക്കരുത്. അവനിൽ വസിക്കാതെ സ്വയത്തിൽ ആശ്രയിക്കുന്ന ഒരുവന്റെ അനുഭവമാണ് ഇവിടുത്തെ വിഷയം. അവനിൽ വസിച്ചെങ്കിൽ മാത്രമേ ഫലം പുറപ്പെടുവിക്കുന്നതിനുള്ള ശക്തി ലഭിക്കുകയുള്ളൂ. ക്രിസ്തുവിൽ വസിക്കാതെ മരം പുല്ല് വൈക്കോൽ ഇവകളാൽ ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ച് 1 കൊരി.3:12-15 വരെ വിവരിക്കുന്നുണ്ട്. കേവലം അഗ്നിപരിശോധനയിൽ അവ വെന്തു പോകും. എന്നാൽ താനോ തീയിൽ കൂടിയെന്നപ്പോലെ രക്ഷിക്കപ്പെടും. രക്ഷയുടെ നഷ്ടമല്ല ഇവിടെ സംഭവിക്കുന്നത്. ലോത്തിന്റെ ജീവിതവും ഇതിനു പറ്റിയ മറ്റൊരു ദൃഷ്ടാന്തമാണ്. ഫലശൂന്യമായ ക്രിസ്തീയ ജീവിതത്തെ ലാഘവബുദ്ധിയോടുകൂടി പരിഗണിക്കുന്ന അനേക വിശ്വാസികളെ കാണാൻ കഴിയും. സ്വർഗ്ഗത്തിൽ പോകുമല്ലോ അതുമതിയെന്ന മനോഭാവത്തോടുകൂടിയുള്ള അനേകരുണ്ട്. കൃപയാൽ രക്ഷിക്കപ്പെട്ടത് അവനുവേണ്ടി ഫലകരമായ ക്രിസ്തീയ ജീവിതം നയിക്കാനാണ്.

ഫലം കായ്ക്കുക, അധികം ഫലം കായ്ക്കുക, വളരെ ഫലം കായ്ക്കുക, നിലനിൽക്കുന്ന ഫലം കായ്ക്കുക എന്നിങ്ങനെ ഫലം പുറപ്പെടുവിക്കുന്നതിലും ക്രമാനുഗതമായ പുരോഗതി കാണാൻ കഴിയും. വിശ്വാസജീവിതത്തിന്റെ വളർച്ചയെ കാണിക്കുന്ന ഒരു വിവരണമായി ഇതിനെ നാം പരിഗണിക്കണം. എന്താണ് ഈ ഫലങ്ങൾ? പുതിയനിയമത്തിൽ വിവിധ രീതിയിലുള്ള ഫലങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങൾ ഈ ചോദ്യത്തിന് ഉത്തരം നൽകും.

ഗലാത്യ ലേഖനത്തിൽ ആത്മാവിന്റെ ഫലത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട് (ഗലാ.5:22,23). ജഡത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണം കഴിഞ്ഞ് ആത്മാവിന്റെ ഫലത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. സ്നേഹം,

---

പക്ഷേ ചില ജന്തുക്കളെ ദൈവം കുറച്ചുകാലത്തേക്ക് ഇങ്ങനെ നിഷ്ക്രിയാവസ്ഥയിൽ ആക്കിക്കാണും. എങ്കിലും ജന്തുക്കൾക്ക് ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ നോഹ കരുതിയിരുന്നു (ഉല്പത്തി 6:21).

**7. പെട്ടകം മലകളുടെ മുകളിൽ ഉയർന്നപ്പോൾ പെട്ടകത്തിലുള്ള മനുഷ്യർക്കും ജന്തുക്കൾക്കും ശ്വസിക്കുവാൻ ഓക്സിജൻ എവിടെ നിന്ന് കിട്ടി?**

**മറുപടി**: ഇന്ന് ഉയർന്ന മലകളുടെ മുകളിൽ ശ്വസിക്കുവാൻ തക്കവണ്ണം വായു ഇല്ല. പക്ഷേ വായുവിന്റെ സാന്ദ്രീകരണം (Air concentration) എപ്പോഴും സമുദ്രത്തിന്റെ ഉപരിതലത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. സമുദ്രജലം ഉയരുന്നതനുസരിച്ച് വായുവും ഉയർന്നുകൊണ്ടിരിക്കും. അതുകൊണ്ട് പ്രളയ സമയത്ത് വെള്ളം എത്ര ഉയർന്നു പോയിരുന്നുവെങ്കിലും വെള്ളത്തിനു മുകളിൽ ശ്വസിക്കുവാൻ തക്കവണ്ണം ധാരാളം ഓക്സിജൻ ഉണ്ടായിരുന്നു.

**8. പ്രളയത്തനു ശേഷം പെട്ടകത്തിൽ നിന്ന് ഇറങ്ങിയ കരജന്തുക്കൾ സമുദ്രങ്ങളെ തരണം ചെയ്ത് ലോകത്തിന്റെ എല്ലാ ഭൂഖണ്ഡങ്ങളിലും എങ്ങനെ എത്തിച്ചേർന്നു?**

**മറുപടി**: സൃഷ്ടി വാദികളും പരിണാമവാദികളും ഒരുപോലെ മറുപടി പറയേണ്ടുന്ന ഒരു ചോദ്യം ആണ് ഇത്. പരിണാമവാദികളുടെ വിശ്വാസം അനുസരിച്ച് ഒരു പ്രത്യേകതരം ജന്തുവിന്റെ പരിണാമം നടന്നത് ലോകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്താണ്. ആ ജന്തു അവിടെ നിന്നും ലോകത്തന്റെ എല്ലാ ഭൂഖണ്ഡങ്ങളിലും എങ്ങനെ എത്തിച്ചേർന്നു എന്ന് പരിണാമവാദികളും മറുപടി പറയേണ്ടിയിരിക്കുന്നു. നോഹയുടെ പെട്ടകത്തിൽ നിന്നും ഇറങ്ങിയ ജന്തുക്കൾ ലോകത്തിന്റെ എല്ലാ വൻകരയിലും എങ്ങനെ എത്തിച്ചേർന്നു എന്ന ചോദ്യത്തിന് മറുപടി നമുക്ക് ഇവിടെ ചിന്തിക്കാം. പ്രളയപൂർവ്വ ഭൂമിയിൽ ഒരു ഭൂഖണ്ഡം മാത്രമെ ഉണ്ടായിരുന്നുള്ളു എന്നും ഭൂഖണ്ഡങ്ങൾ പിരിഞ്ഞത് നോഹയുടെ കാലത്തെ ജലപ്രളയ സമയത്ത് ഭൂമിയുടെ മുകൾപരപ്പിൽ ചലനം ഉണ്ടായതുകൊണ്ടാണെന്നും സൃഷ്ടിവാദികൾ വിശ്വസിക്കുന്നു. പ്രളയാനന്തര ഭൂമിയിൽ ഭൂഖണ്ഡങ്ങളുടെ നീക്കം പതുക്കെ പുരോഗമിച്ചുകൊണ്ടിരുന്നതിനാൽ പല ഭൂഖണ്ഡങ്ങൾ അന്നും തുണ്ടുനിലങ്ങളാൽ(Land Bridges) യോജിച്ചിരുന്നിരിക്കണം. പ്രളയശേഷമുണ്ടായ ഹിമയുഗത്തിൽ (Ice age)ധ്രുവപ്രദേശങ്ങളിലെ സമുദ്രജലം ഉറഞ്ഞുപോയതുകൊണ്ടും സമുദ്രത്തിലെ ജലനിരപ്പ് കുറഞ്ഞ് കൂടുതൽ തുണ്ടുനിലങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നിരിക്കണം. ഇങ്ങനെയുണ്ടായിരുന്ന തുണ്ടുനിലങ്ങളിലൂടെയും ഉറഞ്ഞിരുന്ന ഹിമത്തിന്റെ മുകളിലൂടെയും നടന്ന് കരജന്തുക്കളും മനുഷ്യരും ലോകത്തിന്റെ എല്ലാ വൻകരയിലും എത്തിചേർന്നിരിക്കുന്നു. (തുടരും)



www.bahrainbrethren.com

സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഇവ എല്ലാം കൂടി ചേരുന്നതാണ് ആത്മാവിന്റെ ഫലം. ഒരു വിശ്വാസിയുടെ ജീവിതത്തിൽ പ്രത്യക്ഷപ്പെടേണ്ടത് ഇങ്ങനെയുള്ള ആത്മഫലമാണ്. അവ പുറപ്പെടുവിക്കാൻ കർത്താവ് സഹായിക്കട്ടെ.

എബ്രാ. 13:15-ൽ അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുവാൻ ബുദ്ധ്യോപദേശം നൽകുന്നു. കൊലൊ.1:5,6-ൽ സുവിശേഷത്തോടുള്ള ബന്ധത്തിൽ *നിങ്ങളുടെ ഇടയിലെന്നപ്പോലെ സർവ്വലോകത്തിലും ഫലം കായ്ച്ചും വർദ്ധിച്ചും വരുന്നു* എന്ന് അപ്പൊസ്തലൻ പറയുന്നു. സുവിശേഷഘോഷണം ഫലം പുറപ്പെടുവിക്കുന്ന ശുശ്രൂഷയാണ്.

റോമർ 15:25-28 വരെയുള്ള വേദഭാഗത്ത് ഐഹിക നന്മകളിൽ നിന്ന് കൂട്ടായ്മ കാണിക്കുന്നതിനേക്കുറിച്ച് പറയുമ്പോൾ *ഈ ഫലം അവർക്കേല്പിച്ച് ബോധ്യം വരുത്തിയശേഷം നിങ്ങളുടെ വഴിയായി സ്പാന്യയിലേക്ക് പോകുമെന്ന്* നാം വായിക്കുന്നു. ആത്മാവിന്റെ ഫലം കൂടാതെ മുകളിൽ വിവരിച്ചിരിക്കുന്ന ഫലങ്ങളും ക്രിസ്തീയജീവിതത്തിന്റെ വിജയലക്ഷ്യങ്ങളാണെന്നുള്ളത് വിസ്മരിക്കരുത്.

അവനിൽ വസിക്കുന്നതുകൊണ്ട് ഫലം കായ്ക്കുകയെന്നു മാത്രമല്ല മറ്റു ചില ആത്മീയ അനുഗ്രഹങ്ങളും സംജാതമാകും. പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുകയെന്നുള്ളത് അവനിൽ വസിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ഒരു അനുഗ്രഹമാണ്. "നിങ്ങളെന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ. അതു നിങ്ങൾക്കു കിട്ടും." 10-ാം വാക്യത്തിൽ *ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങളെന്റെ കല്പകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും.* 13-ാം വാക്യത്തിൽ *സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല. ഞാൻ നിങ്ങളോട് കല്പിക്കുന്നതു ചെയ്താൽ നിങ്ങളെന്റെ സ്നേഹിതന്മാർ തന്നെ* എന്നും വായിക്കുന്നു. അബ്രഹാം ദൈവത്തിന്റെ സ്നേഹിതനായി തീർന്നത് ദൈവത്തിന്റെ കല്പനകൾ അബ്രഹാം പൂർണ്ണമായി അനുസരിച്ചു എന്നുള്ളതിനാലാണ്. വളരെ അടുത്ത സ്നേഹിതന്മാരെ പോലെ ദൈവഹിതം ദൈവം അബ്രഹാമിനെ അറിയിക്കുന്നു. 12-ാം വാക്യത്തിൽ *ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്ന്* കർത്താവ് പറയുന്ന വാക്കുകൾ വിസ്മരിക്കരുത്. കർത്താവ് നമ്മെ സ്നേഹിച്ച സ്നേഹത്തിന്റെ മാനദണ്ഡം ഇതിനുമുമ്പും ചിന്തിച്ചു കഴിഞ്ഞതാണ്. സ്വന്തജീവനെ നമുക്കു വേണ്ടി ബലിയർപ്പിച്ചാണല്ലോ ദോഷികളും ശത്രുക്കളുമായ നമ്മെ സ്നേഹിച്ചത്. നാമും സ്നേഹത്തോടുള്ള ബന്ധത്തിൽ ആ മാനദണ്ഡം വരെ ഉയരേണ്ടതായിട്ടുണ്ട്. ഞാൻ എന്റെ പിതാവിനോട് കേട്ടതെല്ലാം നിങ്ങളോട് അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു. ശിഷ്യന്മാർ യേശുക്രിസ്തുവിന്റെ ദാസന്മാർ ആയിരുന്നു. യേശുക്രിസ്തുവിന്റെ അടിമയാകുകയെന്നുള്ളതു തന്നെ അഭിമാനാർഹമായ ഒരു വിഷയമാണ്. എന്നാൽ അതിനെക്കാളുപരിയായ ഒരു ബന്ധമാണല്ലോ സ്നേഹിതന്മാർ എന്നുള്ളത്. ദാസൻ യജമാനന്റെ ഇഷ്ടം അറിഞ്ഞു പ്രവർത്തിക്കുന്നവനാണ്. എന്നാൽ അവന്റെ ഹിതം മുഴുവൻ ഒരു ദാസനോട് പങ്കുവെച്ചു എന്നു വരികയില്ല. യേശുക്രിസ്തു തന്റെ ഹിതം മുഴുവനായും നമ്മെ അറിയിച്ചിരിക്കയാണ്. ഹൃദയ രഹസ്യങ്ങളെല്ലാം കർത്താവ് തന്റെ മക്കളെ അറിയിച്ചു കഴിഞ്ഞിരിക്കയാണ്.

ശിഷ്യന്മാർക്ക് ഇഷ്ടമുള്ള ഗുരുക്കന്മാരെ അവർ തന്നെ തിരഞ്ഞെടുക്കുക എന്നതാണല്ലോ സാധാരണ രീതി. എന്നാൽ ഈ രീതിക്കു വിപരീതമായി ഗുരു തന്നെ ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയാണ്. കർത്താവു നമ്മെ തിരഞ്ഞെടുത്തത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടു കൂടെയാണ്. നാം പോയി ഫലം കായിക്കേണ്ടതിനും നമ്മുടെ ഫലം നിലനിൽക്കേണ്ടതിനുമാണ് നമ്മെ തിരഞ്ഞെടുത്തിരിക്കുന്നത്. ദൈവം നമ്മെ ഓരോ സ്ഥാനത്താക്കിയിരിക്കുന്നത് അവനുവേണ്ടി ഫലകരമായ സാക്ഷ്യം നിർവ്വഹിക്കുന്നതിനുവേണ്ടിയാണ്. മാത്രവുമല്ല, കർത്താവിന്റെ നാമത്തിൽ ചോദിക്കുന്നതൊക്കെയും ലഭിക്കുക എന്നുള്ളതും നമ്മെ തിരഞ്ഞെടുത്തിരിക്കുന്നതിന്റെ വേറൊരു ഉദ്ദേശ്യമാണ് ഫലകരമായ ഒരു പ്രാർത്ഥനാജീവിതം ഏതൊരു പൈതലിന്റെയും അനർഹസമ്പത്താണ്. **(തുടരും)**

---

**റിഫ്രെഷർ കോഴ്സ് 2009 മാർച്ച് 23-27 വരെ.**

ബഥനി ബൈബിൾ സ്കൂൾ റിഫ്രെഷർ കോഴ്സിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷയിൽ പേരും വിലാസവും ഫോൺ നമ്പരും പഠിച്ച വർഷവും പൂർത്തിയായ വയസ്സും കാണിക്കുവാൻ താല്പര്യപ്പെടുന്നു. വേദവ്യാഖ്യാനം, ദുരൂപദേശ സംഗ്രഹം, മതങ്ങളുടെ താരതമ്യപഠനം, സഭാസത്യങ്ങൾ, ക്രിസ്തുശാസ്ത്രം, സുവിശേഷകനും സാക്ഷ്യജീവിതവും, സഭാ പരിപാലനം മുതലായ വിഷയങ്ങളെപ്പറ്റി ഡോ. ഒ.എം. ശാമുവേൽ, എം. എം. സഖറിയ, വർഗ്ഗീസ് കുര്യൻ, ബില്ലി പി. ജേക്കബ്, കെ.വി. ജോർജ്ജ്, കെ.വി. ജോൺ മുതലായവർ ക്ലാസ്സുകളെടുക്കുന്നതായിരിക്കും.


www.bahrainbrethren.com

# തടവറയിലെ ജീവിതം

വിനോദ് തോമസ്

ദുഃഖത്തിന്റെയും നിരാശയുടെയും സ്ഥാനമായ കാരാഗൃഹം ദുഷ്ടന്മാരുടെ കേന്ദ്രമാണ്. സമൂഹത്തിലെ ഏറ്റവും കൊള്ളരുതാത്തവരെ ശിക്ഷിക്കുന്ന സ്ഥാനവും. അവിടെ പ്രാർത്ഥനയും സ്തുതിയും ഉയരുക സ്വാഭാവികമല്ല. എന്നാൽ ഫിലിപ്പിയിലെ കാരാഗൃഹത്തിൽ അതു സംഭവിച്ചു

പൗലൊസും ശിലാസും സുവിശേഷം നിമിത്തം അവിടെ ബന്ധിക്കപ്പെടുമ്പോൾ കാരാഗൃഹം ദൈവിക മഹത്വത്തിന്റെ സ്ഥാനമായി. പ്രതികൂല സാഹചര്യങ്ങളിൽ ദൈവമക്കളുടെ പ്രതികരണത്തിനുള്ള മാതൃക ഇവിടെ കാണാം. അർദ്ധരാത്രിയിൽ പൗലൊസും ശിലാസും ഉറങ്ങിയില്ല. ശരീരം മുഴുവനും അടിയുടെ വേദനയുണ്ടെങ്കിലും ഉള്ളിൽ വലിയ സന്തോഷമുണ്ട്. കർത്താവിനുവേണ്ടി കഷ്ടം സഹിക്കാനുള്ള ഭാഗ്യം ലഭിച്ചിരിക്കുന്നു. കഷ്ടതയുടെ വേളയിൽ കൂടെവരുന്ന കർത്താവിന്റെ സാമീപ്യം അനുഭവിക്കുവാൻ കഴിഞ്ഞു, അത് അവരെ പ്രാർത്ഥനയിലേക്കും ദൈവത്തെ പാടി സ്തുതിക്കുന്നതിലേക്കും നയിച്ചു. മറ്റു പടയാളികളിൽ നിന്നു വിഭിന്നമായി സന്തോഷം നിറഞ്ഞ മുഖത്തോടെ അവർ ദൈവത്തെ സ്തുതിച്ചു. പ്രിയ വിശ്വാസിയേ, നീ ആയിരിക്കുന്ന ഏതു സ്ഥാനത്തും ദൈവനാമത്തിന്റെ മഹത്വത്തിനായി നില നിന്നാൽ ദൈവത്തോടുള്ള പ്രാർത്ഥനയിലും സ്തുതിയിലും സമയം ചെലവഴിച്ചാൽ, അവിടെ മാറ്റം സംഭവിക്കും. തടവറയിൽപ്പോലും ദൈവനാമം മഹത്വപ്പെടും. ഈ തടവറയിൽ സംഭവിച്ച ചില കാര്യങ്ങൾ ശ്രദ്ധിച്ചാലും; **തടവറ സാക്ഷ്യത്തിന്റെ സ്ഥാനമായി.**

“അർദ്ധരാത്രിക്ക് പൗലൊസും ശിലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു: തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു” (അപ്പൊ: 16:25). തടവുകാർ അതുവരെ കണ്ടിട്ടില്ലാത്ത ഒരു കാഴ്ച. സാധാരണ തടവറകൾ തെറ്റായ സംസാരത്തിന്റെ സ്ഥാനമാണ്. തടവുകാർ തമ്മിൽ സംസാരിക്കുന്നത് പലപ്പോഴും പാപത്താൽ മലിനപ്പെട്ട വാക്കുകളാണ്. ഇപ്പോൾ ഇതാ പുതുതായി വന്നവർ തങ്ങളുടെ ദൈവത്തെ പാടി സ്തുതിക്കുന്നു; ദൈവത്തെ വിളിച്ച് പ്രാർത്ഥിക്കുന്നു. തങ്ങളുടെ ദൈവത്തിൽ സന്തോഷിക്കുന്നു. അതിനു അർദ്ധരാത്രി ഒരു തടസ്സമല്ല. ഉറക്കം നഷ്ടമാക്കുന്നത് ഒരു പ്രശ്നമല്ല, അവരുടെ ശരീരത്തിലേറ്റ അടിയുടെ വേദനയും തടസ്സമല്ല. അവരുടെ ജീവിതത്തിൽ അവർ മറ്റെന്തിനേക്കാളും പ്രാധാന്യം കൊടുക്കുന്നത് ദൈവത്തിനാണ്. ദൈവത്തിനു വേണ്ടി അടി കൊള്ളുവാനും തടവിലാകുവാനും തയ്യാറായി ജീവിക്കുന്ന പൗലൊസിന്റെയും ശിലാസിന്റെയും പാട്ടും സഹതടവുകാർക്ക് ഒരു പുതിയ അനുഭവമായി. മാത്രമല്ല, അവരുടെ ഗാനത്തിലൂടെയും സ്തുതിയിലൂടെയും പ്രാർത്ഥനയിലൂടെയുമൊക്കെ കർത്താവിന്റെ നാമം കേൾക്കുവാൻ സഹ തടവുകാർക്ക് അവസരമുണ്ടായി. സമയം അർദ്ധരാത്രിയാണങ്കിൽ പോലും തങ്ങളുടെ കർത്താവിന്റെ നാമത്തെ ഉയർത്തുവാൻ ആവേശം കാണിച്ച പൗലൊസിന്റെയും ശിലാസിന്റെയും മാതൃക അനുകരിക്കത്തക്കതാണ്. നിസാര കാര്യങ്ങളുടെ പേരിൽ പ്രാർത്ഥനയും വചന പഠനവും, ആരാധനയും മറ്റും മുടക്കുന്ന വിശ്വാസികൾക്ക് ഒരു വെല്ലുവിളിയായി ഈ ദൈവദാസന്മാരുടെ ജീവിതമായിരിക്കുന്നു.

**തടവറ അത്ഭുതത്തിന്റെ സ്ഥാനമായി.** “പെട്ടന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി” വാതിൽ ഒക്കെയും തുറന്നുപോയി (അപ്പൊ: 16:26). ദൈവം നമ്മെയാക്കുന്ന സ്ഥാനങ്ങളിൽ വിശ്വസ്തതയോടെ പ്രവർത്തിച്ചാൽ ദൈവം നമുക്കുവേണ്ടി പ്രവർത്തിക്കും. ഇവിടെ പൗലൊസും ശിലാസും തടവറയിലും സന്തോഷിക്കുകയും ദൈവത്തിനു വേണ്ടി നിലകൊള്ളുകയും ചെയ്തപ്പോൾ ദൈവം അവർക്കായി പ്രവർത്തിക്കുന്നു. ഇതുപോലെ സിംഹക്കുഴിയിലായ ദാനീയേലിനുവേണ്ടി, അഗ്നിയിൽ എറിയപ്പെട്ട 3 ബാലന്മാർക്കുവേണ്ടിയും പ്രവർത്തിക്കുന്നു. പെട്ടന്നുള്ള കാര്യങ്ങൾക്ക് വേണ്ടി പെട്ടന്ന് പ്രവർത്തിക്കുന്ന ദൈവമാണ്. ലോകം അവരെ കാരാഗൃഹത്തിലടച്ചപ്പോൾ ദൈവം കാരാഗൃഹത്തിൻ വാതിലുകൾ തുറക്കുന്നു. ലോകം നൽകിയ ചങ്ങലകൾ അഴിഞ്ഞു വീഴുന്നു. ദൈവത്തിനു പ്രവർത്തിപ്പാൻ അധികം സമയം വേണ്ട. നാം ആയിരിക്കുന്ന സ്ഥാനത്തു വിശ്വസ്തരാണോ എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ദൈവത്തിനുവേണ്ടി വിശ്വസ്തതയോടെ നിന്ന തന്റെ ദാസന്മാർക്കുവേണ്ടി ദൈവം അത്ഭുതം പ്രവർത്തിക്കുന്നു. തന്മൂലം ചിലർ രക്ഷിക്കപ്പെടുവാൻ കാരണമാകുന്നു. ഇവിടെ കാരാഗൃഹപ്രമാണി രക്ഷിക്കപ്പെടുന്നു. ഏതു സ്ഥാനത്തും നമ്മെ ഉപയോഗിക്കുവാൻ ദൈവം ശക്തനാണ്. അനുകൂലമായ സാഹചര്യങ്ങളിൽ മാത്രമല്ല പ്രതികൂലത്തിലും പ്രവർത്തിക്കുവാൻ കഴിയുന്ന ദൈവം നമ്മോടു കൂടെയുണ്ടെന്നുള്ളത് നമ്മെ ധൈര്യപ്പെടുത്തേണ്ട വസ്തുതയാണ്. തുടർന്ന് നാം കാണുന്നത് കാരാഗൃഹ പ്രമാണിയും കുടുംബവും കൃപയിലേക്ക് വരുന്നതാണ്. ആ വലിയ കുടുംബത്തെ നേടുവാൻ അവരുടെ കാരാഗൃഹ വാസം മുഖാന്തിരമായി. ജയിലിൽ പാടുകയും പ്രാർത്ഥിക്കുകയും ചെയ്ത പൗലൊസും ശിലാസും കാരാഗൃഹ പ്രമാണിയോടൊപ്പം കൂട്ടായ്മ ആചരിക്കുന്നു. ആ ഭവനം സന്തോഷിക്കുന്നു കാരണം “ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം ആനന്ദിച്ചു”(അപ്പൊ: 16:34) ●



www.bahrainbrethren.com

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം-15

ജേക്കബ് തോമസ്, മാവേലിക്കര

## XV. വിധവമാരുടെ പരിപാലനം (1 തിമൊ.5: 3-16)

ദൈവവചനം അശരണർക്കും അഗതികൾക്കും പരദേശികൾക്കും ദൈവം നല്കുന്ന കരുതലിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളും, അഗതികളുടെ പരിപാലനമെന്ന ആശയങ്ങളും ആധുനീക മനുഷ്യന്റെ കണ്ടുപിടുത്തങ്ങളായിരുന്നില്ല, സ്വർഗ്ഗത്തിലെ ദൈവത്തിന്റെ മനുഷ്യനോടുള്ള മനസ്സലിവിന്റെ ബഹിർസ്ഫുരണമാണ്. ലോകചരിത്രത്തിൽ തന്നെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ പ്രതീകമായി മാറിയ മദർ തെരേസയെ അഗതികളുടെ അമ്മയാക്കിയത് ക്രിസ്തുവിന്റെ ത്യാഗപൂർണ്ണമായ ജീവിതം മാതൃകയാക്കിയതുകോണ്ടാണ് എന്ന് താൻ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ദൈവവചനത്തെ നിരാകരിക്കുന്ന മനുഷ്യൻ, സംസ്കാര സമ്പന്നനെന്ന് സ്വയമഭിമാനിക്കുന്നെങ്കിലും, മനുഷ്യമനസാക്ഷിയെ മരവിപ്പിക്കുന്ന പ്രവൃത്തികളാണ് ചെയ്യുന്നത്. അപ്പൊ. 6-ാം അദ്ധ്യായത്തിൽ വിധവമാരുടെ പരിപാലനത്തിനായി പ്രത്യേകം ശ്രദ്ധകൊടുത്തിരുന്നു എന്ന് കാണാൻ കഴിയും. ആ നിലയിലുള്ള പശ്ചാത്തലത്തിലാണ് ഈ അദ്ധ്യായത്തിലെ പൗലൊസിന്റെ നിർദ്ദേശങ്ങൾ കാണേണ്ടത്. ഒന്നാം നൂറ്റാണ്ടിലെപ്പോലെയുള്ള ക്രമീകൃതമായ സഹായ സംരഭങ്ങൾ ഇല്ലായെങ്കിലും ആലംബഹീനരുടെ ആശ്വാസത്തിനായി യത്നിക്കേണ്ടത് ആവശ്യമാണ്. വിധവമാരെ കരുതുന്നതിനോടുള്ള ബന്ധത്തിൽ അവയെ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

### 1. സാക്ഷാൽ വിധവമാർ (5:3,5,9,10)

സഭയുടെ സംരക്ഷണത്തിൽ പരിപാലിക്കപ്പെടുവാൻ യോഗ്യരായ മാന്യമാതാക്കളാണവർ. അവർ മാനിക്കപ്പെടുവാൻ യോഗ്യരാണ്. എന്നാൽ അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ ശ്രദ്ധയർഹിക്കുന്നു. സൽപ്രവൃത്തിക്ക് പേരുകേട്ടവളായിരിക്കണം. ഏകഭർത്താവിന്റെ ഭാര്യയായിരിക്കണം അഥവാ കുടുംബജീവിതം മാതൃകാപരമായിരിക്കണം. കുടുംബത്തിൽ അനുഗ്രഹമാകാത്ത ഒരു വ്യക്തിക്ക് സഭയുടെ മുതൽക്കൂട്ടാകുവാൻ കഴിയുകയില്ല. അനുഭവസമ്പത്തും ആത്മീയ മൂല്യങ്ങളും കൈമുതലായവർ മാനിക്കപ്പെടേണ്ടവരാണ്. മക്കളെ വളർത്തുക, അതിഥികളെ സൽകരിക്കുക, വിശുദ്ധന്മാരുടെ കാൽകഴുകുക എന്നീ കാര്യങ്ങളെല്ലാം പ്രവർത്തനിരതമായ ജീവിതത്തെ കാണിക്കുന്നു. (5.9,10), മാത്രമല്ല, ദൈവികമായ വിഷയങ്ങളിലും തികച്ചും മാതൃകയാർന്ന ജീവിതത്തിന് ഉടമകളായിരിക്കണം. ദൈവത്തിലാശ വെയ്ക്കുക എന്നതിനാൽ ദൈവം ജീവിതത്തിന്റെ അടിസ്ഥാനവും ആശ്രയവുമായിരിക്കണം. രാപ്പകൽ യാചനയിലും, പ്രാർത്ഥനയിലും ഉറ്റുപാർക്കണം.(5.5). തന്റെയും സഭയിലെ അംഗങ്ങളുടെയും ആവശ്യങ്ങൾ ദൈവത്തോടറിയിക്കയും, ദൈവാശ്രയത്തോടെ ജീവിക്കയും ചെയ്യുന്ന വിധവമാർ സഭയുടെ ആദരവിനും പരിചരണത്തിനും അർഹരാണ്. സഭയുടെ അംഗങ്ങളെന്ന നിലയിൽ ജീവിക്കയും സഭയുടെ മാന്യതക്കും, പരിപാവനതയ്ക്കും കളങ്കം ചാർത്തുകയും ചെയ്യുന്നവർ സഭയുടെ സംരംക്ഷണക്കർഹരല്ല.

### 2. പുത്രപൗത്രന്മാരുള്ള വിധവമാർ (5:4,8)

ഈ വേദഭാഗത്ത് വാർദ്ധക്യത്തിലായ മാതാപിതാക്കളെ പരിചരിക്കുവാൻ പ്രാപ്തിയുള്ള പുത്രപൗത്രന്മാരുള്ള വിധവമാരെക്കുറിച്ചാണ് പറയുന്നത്. മാതാപിതാക്കളെ സംരക്ഷിക്കുന്ന കർത്തവ്യം സഭക്ക് വിട്ടുകളഞ്ഞിട്ട്, തൻകാര്യം നോക്കുന്നവരെക്കുറിച്ചാണ് എട്ടാം വാക്യത്തിൽ പൗലൊസ് പറയുന്നത്. അവർ വിശ്വാസം തള്ളിക്കളഞ്ഞു അവിശ്വാസിയേക്കാൾ അധമനായിരിക്കുന്നു എന്ന് ഇവിടെ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു. സ്വന്തകുടുംബത്തിലും ദൈവഭക്തി കാണിക്കണമെന്നാണ് പൗലൊസ് പറയുന്നത്. ഒരുപക്ഷേ നാട്ടിലുടനീളം ജനസേവനപ്രവർത്തനങ്ങൾ ചെയ്യുവാൻ നമുക്ക് കഴിഞ്ഞില്ലെന്ന് വരാം; എന്നാൽ മാതാപിതാക്കന്മാരോടുള്ള ബന്ധത്തിൽ തീർച്ചയായും അത് ചെയ്യേണ്ടതാണ്. മക്കൾ അമ്മയപ്പന്മാർക്ക് പ്രത്യുപകാരം ചെയ്യേണ്ടവരാണ്. മാതാപിതാക്കൾ അവരുടെ ആരോഗ്യവും, സമയവും, അദ്ധ്വാനവും മക്കൾക്കായി നൽകിയവരാണ്. മക്കൾ അങ്ങനെയുള്ള അമ്മയപ്പന്മാർ ക്ഷീണിതാരാകുമ്പോൾ അവരെ കരുതാതിരിക്കുന്നത് ശരിയല്ല എന്നാണ് പൗലൊസ് ഇവിടെ വ്യക്തമാക്കുന്നത്.

### 3. ഇളയ വിധവമാർ (5:6,11-16)

ഇളയവിധവമാരെ സാക്ഷാൽ വിധവമാരായി തിരഞ്ഞെടുക്കുന്നതിനെ പൗലൊസ് എതിർക്കുവാനുള്ള കാരണങ്ങൾ പറയുന്നു, ആദ്യമായി അവർ വിവാഹം കഴിക്കില്ല എന്ന് പറഞ്ഞാലും കാലക്രമത്തിൽ ആ ദൃഢനിശ്ചയത്തിൽ തുടരാതിരിക്കുവാനിടയുണ്ട്, അത് അവരുടെ തന്നെ ജീവിതത്തിനും സഭയുടെ പ്രതിഛായക്കും മങ്ങലേ



www.bahrainbrethren.com

# Confederation of Independent Christian Churches in India (Brethren Assemblies)???

Dr. K.C. Johnson, Mavelikkara

ഇൻഡ്യയിലെ വേർപെട്ട സഭകളുടെ ഒരു കോൺഫെഡറേഷൻ രൂപപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ഒരു ആവശ്യമാണെന്ന ചിന്ത ജി.എഫ്.റ്റി.ഐ. മുൻകൈ എടുത്ത് ഹൈദരാബാദിലെ ലോഗോസ് ഭവനിൽ 2008 ഒക്ടോബർ 16 മുതൽ 19 വരെ സുവിശേഷകന്മാർക്കായി സംഘടിപ്പിച്ച സമ്മേളനത്തിൽ ഉണ്ടായി എന്നൊരു ധാരണ ഇപ്പോൾ നമ്മുടെ മദ്ധ്യേ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള സത്യാവസ്ഥ സമ്മേളനത്തിൽ പങ്കെടുത്ത ഒരാളെന്ന നിലയിൽ വെളിപ്പെടുത്തേണ്ടത് ഒരു ആവശ്യമായി തോന്നിയതുകൊണ്ടാണ് ഈ വിശദീകരണം.

പ്രസ്തുത വിഷയം ആ കോൺഫറൻസിന്റെ അജണ്ടായിൽ ഉണ്ടായിരുന്നില്ല. വചനം ശുശ്രൂഷിച്ച ദൈവദാസന്മാരോ കോൺഫറൻസിന്റെ സംഘാടകരോ ഇത്തരം ഒരു പ്രമേയം ഒരിക്കലും അവതരിപ്പിക്കുകയുണ്ടായില്ല. എന്നാൽ, അവിടെ നടന്ന വചനശുശ്രൂഷയെക്കുറിച്ചു ഏകദേശം 150-ൽ കുറച്ചുമാത്രം അംഗങ്ങൾ പങ്കെടുത്ത ഒരു ഗ്രൂപ്പു ചർച്ചയിൽ, പ്രവർത്തകരുടെ ഇന്നത്തെ ആവശ്യം സംശയനിവൃത്തിയല്ല, ഏകീകരണവും ഐഡെന്റിറ്റിയും ആണെന്ന് ഒരു സഹോദരൻ അഭിപ്രായപ്പെടുകയും ചിലർ മാത്രം അതിനെ പിന്താങ്ങി സംസാരിക്കുകയും ചെയ്തു. അതെത്തുടർന്ന് സഹോ. റോയി റ്റി. ഡാനിയേൽ **Confederation of Independent Christian Churches in India (Brethren Assemblies)** എന്ന ആശയം അവതരിപ്പിക്കുകയുണ്ടായി. മാത്രമല്ല, ഒരു നിയമജ്ഞന്റെ സഹായത്തോടെ രൂപപ്പെടുത്തിയ ഒരു നിയമാവലി ചിലർക്ക് വിതരണം ചെയ്യുകയും ചെയ്തു. ഈ ആശയത്തെ അവിടെ കൂടിയിരുന്ന ബഹുഭൂരിപക്ഷം പേരും എതിർക്കുകയാണുണ്ടായത്. മാത്രമല്ല, ഈ ഗ്രൂപ്പു ചർച്ചയുടെ ലക്ഷ്യം ഇതല്ല എന്നു അവർ വ്യക്തമാക്കുകയും ചെയ്തു.

ഒരു കോൺഫെഡറേഷൻ തിരുവചനാനുസാരമായിരിക്കയില്ല എന്ന് എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. പീഡനത്തിനെതിരെ പ്രതികരിക്കാനും സംഘടിക്കാനുമാണ് ഈ കോൺഫെഡറേഷനെങ്കിൽ ഏറ്റവും ശക്തമായ ഏകീകരണവും സംഘടനാശക്തിയുമുള്ള കത്തോലിക്കരല്ലേ ഇന്ന് ഏറ്റവുമധികം ഈ ഭാരതത്തിൽ പീഡിപ്പിക്കപ്പെടുന്നത്? ഒരു നിയമാവലിയിലൂടെ ലക്ഷ്യമിടുന്നത് സമുദായ സഭകളുടേതു പോലെയുള്ള ഒരു സഭാനേതൃത്വവും ഭരണ ക്രമവുമാണ്. അല്ലെങ്കിൽതന്നെ ക്രമേണ അതിൽ ചെന്നു പെടും. ഈ ആശയം അവതരിപ്പിക്കുകയും അതിനെ പ്രോത്സാഹിപ്പിച്ച് എഴുതുകയും ചെയ്യുന്നവരുടെ ലക്ഷ്യം എന്തു തന്നെ ആയാലും അതു വചനവിരുദ്ധമാണെന്ന് ആവർത്തിച്ചു പറയട്ടെ. ●

---

## ബഹ്റെൻ വരിക്കാരുടെ ശ്രദ്ധയ്ക്ക്

ആത്മപ്രകാശിനിയുടെ ബഹ്റെൻ വരിക്കാർ മാസികാസംബന്ധമായ കാര്യങ്ങൾക്കായി അവിടെയുള്ള സഹോ. ജേക്കബ് പി.ഏബ്രഹാം, ഫോൺ: 36677813 മായി ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു. മാനേജർ.

**ശാലോം മെലഡീസ്** : "ശാലോം മെലഡീസ്" എന്ന പേരിൽ ഒരു മ്യൂസിക് ടീം തുടങ്ങിയിരിക്കുന്നു. കൺവെൻഷൻ, പരസ്യയോഗം, വിവാഹനിശ്ചയം, വിവാഹം, ശവസംസ്കാരശുശ്രൂഷ എന്നിവിടങ്ങളിൽ കടന്നു വന്ന് ഗാനശുശ്രൂഷ ചെയ്യുന്നതായിരിക്കും. ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 9946445041, 9961266605. കെ.എസ്. ശശി, ശാലോം മെലഡീസ്, കുറത്തിക്കാട്, മാവേലിക്കര.

---

ല്പിക്കും. രണ്ടാമതായി അവർ വിവാഹിതരാകാതിരുന്നാൽ മിനക്കെടുന്നവരും, വീടുകൾ തോറും കയറി പറയരുതാത്ത കാര്യങ്ങൾ പറയുന്നവരും ആയിത്തീരും. ഇത് ക്രിസ്തീയ വിശ്വാസത്തിന്റെ തന്നെ നൈർമ്മല്യത്തിനും, വിശ്വാസ്യതയ്ക്കും വിപരീതമാമണ്. മൂന്നാമതായി അവർ വിവാഹിതരായാൽ അവർ ദോഷകരമായ കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞ് ജീവിക്കും. മാത്രമല്ല, അവർ സഭയ്ക്ക് വളരെ പ്രയോജനപ്രദമായ നിലയിൽ തങ്ങളുടെ സമയവും താലന്തുകളും വിനിയോഗിക്കാനിടയാകും. ആനിലയിൽ ജീവിച്ചാൽ സാത്താന് അവസരം നല്കാതിരിക്കുന്നതിന് തുല്യമാണ്, പലരും സാത്താന്റെ പിന്നാലെ പോയി, ആയതിനാൽ വളരെ മുൻകരുതൽ കണ്ടാണ് പൗലൊസ് എഴുതുന്നത്.

പൗലൊസ് ഇവിടെ വിവാഹ ജീവിതത്തിന്റെ പാവനതയെക്കുറിച്ചും, സുരക്ഷിതത്വത്തെക്കുറിച്ചും എടുത്ത് പറയുന്നു. അനുവാചകരായ എല്ലാ വിശ്വാസികളും കുടുംബത്തിലുള്ള പ്രിയപ്പെട്ടവരെ കരുതേണ്ടവരും ആദരിക്കേണ്ടവരും അവരോടുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടവരുമാണ്. അത് നമ്മുടെ കർത്തവ്യവും പദവിയുമായി നമുക്ക് കരുതാം അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

(തുടരും)



www.bahrainbrethren.com

# പുനരുത്ഥാനത്തിന്റെ പ്രസക്തി (തുടർച്ച)

**യോഹന്നാൻ എബ്രഹാം**

### പുനരുത്ഥാനത്തിന്റെ സാധ്യതകൾ

**1. ശിഷ്യന്മാരിലുണ്ടായ മാറ്റം :** ഭയചകിതരായി പരാജയ ഭീതിപൂണ്ട ശിഷ്യന്മാർ പാറപോലെ ശത്രുക്കളുടെ മുമ്പാകെ സാക്ഷികളായി. മാത്രമല്ല ക്രിസ്തുവിശ്വാസംമൂലം രക്തസാക്ഷിത്വം വരിക്കാൻവരെ ധൈര്യശാലികളായി. ഈ വലിയ പരിവർത്തനത്തിനു കാരണം ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. യേശുവിനെ 3 പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രൊസിന്റെ ധീരത പെന്തക്കൊസ്തുനാളിൽ തുടങ്ങി വെളിപ്പെട്ടത് ക്രിസ്തുവിന്റെ പുനരുത്ഥാനശക്തിയാണ്. കഴിഞ്ഞ 20 നൂറ്റാണ്ടുകളായി ഭാഷകളോ, ജാതികളോ, രാജ്യങ്ങളോ പരിമിതിപ്പെടുത്താതെ പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ വിശ്വസിക്കാനും പ്രസംഗിക്കുവാനും കഴിയുന്നത് എന്തുകൊണ്ടാണ്. മരിച്ചവസാനിച്ച ഒരാളിനുവേണ്ടി കോടാനുകോടികൾ രക്തസാക്ഷികൾ ആകുമായിരുന്നുവോ? പുനരുത്ഥാനം ചെയ്ത ക്രിസ്തുവിൻ ശക്തി ലോകമെങ്ങും ആഞ്ഞടിച്ചു കൊണ്ടിരിക്കുകയാണ്. സമർത്ഥരായ രാഷ്ട്രതന്ത്രജ്ഞർ, ശ്രേഷ്ഠന്മാരായ തത്വജ്ഞാനികളായ ബുദ്ധിരാക്ഷസർ, ഭരണപടുക്കൾ ഇവരൊക്കെ ഇനി വരാതെ കാലയവനികയ്ക്കുള്ളിൽ അന്തർദ്ധാനം ചെയ്തു. അവരുടെ കല്ലറകൾ തുറക്കപ്പെട്ടില്ല. അവരുടെ അനുയായികൾ, രാജ്യങ്ങൾ, നേട്ടങ്ങൾ എല്ലാം പുകയായി മറഞ്ഞു. എന്നാൽ നസ്രായനായ യേശുവിന്റെ അപ്രമേയമായ പുനരുത്ഥാന ശക്തിയെ പ്രതിരോധിക്കുവാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയില്ല. ആ മഹത്തായനാമം ഇന്നും എന്നും വാഴ്ത്തപ്പെടുമാറാകട്ടെ.

**2. ആരാധനയിൽ വന്നമാറ്റം (പ്രവൃ. 20:7; 1 കൊരി. 16:2)**

യഹൂദന്മാരായ ശിഷ്യന്മാർ അതുവരെ ശബ്ബത്ത് ആചരിച്ചിരുന്നവരാണ് (ശനിയാഴ്ച). അതിനെ ഉപേക്ഷിച്ച് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ (ഞായറാഴ്ച)കൂടിവന്നത് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ പ്രത്യക്ഷലക്ഷണമാണ്. ആദിയിൽ ദൈവം സൃഷ്ടിച്ച ഏദൻതോട്ടത്തിലായിരുന്നു ശബ്ബത്ത് ആരംഭിച്ചത്. സൃഷ്ടിയുടെ സമാപനമായി ദൈവം സ്വസ്ഥനായത് ശബ്ബത്തിലാണ്. പിന്നീട് യിസ്രായേൽ ജനത്തിന്റെ ഉടമ്പടിക്ക് അടയാളമായി ഏൽപ്പിച്ചുകൊടുത്തു (പുറ. 31:12-14; യെഹ. 20-12, 20). ദൈവവുമായി യിസ്രായേൽ ചെയ്തിരിക്കുന്ന ഉടമ്പടിയുടെ അടയാളമായിരുന്നു ശബ്ബത്ത്. സൃഷ്ടിയുടെ സ്മരക ദിനമണ് ശബ്ബത്ത് എങ്കിൽ പുതുസൃഷ്ടിയുടെയും പുനരുത്ഥാനത്തിന്റെയും സ്മാരകദിനമാണ് ഞായറാഴ്ച അഥവാ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ.

**3. ദൈവസഭയുടെ ആരംഭം**

യേശുകർത്താവ് പറഞ്ഞു " ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. യേശുകർത്താവിന്റെ ക്രൂശുമരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും സംഭാവനയാണ് ക്രിസ്തുവിന്റെ മണവാട്ടിയായ ദൈവസഭ. ലോകരക്ഷകനായി ജനിച്ച യേശുക്രിസ്തുവിന്റെ ജനനത്തിൽ വ്യാപരിച്ച പരിശുദ്ധാത്മാവാം ദൈവംതന്നെയാണ് ദൈവസഭയുടെ സ്ഥാപനത്തിലും വ്യാപരിച്ചത്. സുവിശേഷത്തിന്റെ കേൾവിയാൽ പാപത്തെക്കുറിച്ച് പശ്ചാതപിച്ച് പാപപരിഹാരം വരുത്തിയ യേശുക്രിസ്തുവിൽ വീണ്ടും ജനനം പ്രാപിച്ചവരുടെ മാത്രം സമൂഹമാണ് ദൈവസഭ. പല സംഘടനകളും ലോകത്തിൽ രൂപംകൊള്ളുകയും ഇല്ലാതെയാകുകയും ചെയ്യുന്നു. മാനുഷീക ബുദ്ധിമൂശയിൽ ഉരുത്തിരിഞ്ഞ ഒന്നല്ല ദൈവസഭ. ദൈവ പുത്രനായ യേശുക്രിസ്തുവിന്റെ വകയാണ് തിരുസഭ. അതിനെ പണിയുന്നതും നിലനിർത്തുന്നതും കർത്താവു തന്നെയാണ്. പ്രാദേശിക സഭകൾ നടുകയും നനയ്ക്കയും ചെയ്യുവാൻ അതാതു കാലത്ത് മാധ്യമങ്ങളായി ദൈവദാസന്മാരെ ദൈവം ഉപയോഗിക്കുന്നു. എന്നാൽ വളരുമാറാക്കുന്നത് ദൈവംതന്നെയാണ്. പരിശുദ്ധനായ യേശുകർത്താവിന്റെ നിർമ്മലരക്തം നൽകി വിലയ്ക്കു വാങ്ങിയതാണ് ദൈവസഭ. മറ്റാരുടെയുംപേരിൽ സഭ അറിയപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. സഭയുടെപിതാവ് സ്വർഗ്ഗത്തിലെ ദൈവമാണ്. മനുഷ്യർക്ക് തിരുസഭയുടെ പിതാവാകാൻ കഴിയില്ല. സഭയിൽ കർത്തൃത്വം നടത്തുന്നത് യേശുക്രിസ്തുവാണ്. സഭയ്ക്ക് ശക്തി പകർന്നുനൽകുന്നത് പരിശുദ്ധാത്മാവാം ദൈവമാണ്. കൃപായുഗം മുഴുവൻ ഈ ഭൂമിയിൽ കാണപ്പെടുന്ന സഭയേ മധ്യാകാശത്തിൽ ഇറങ്ങിവരുന്ന കർത്താവ് തന്റെ അടുക്കലേക്ക് ചേർത്തുകൊള്ളും. ഇന്ന് ദൈവസഭയ്ക്കുവേണ്ടി സ്വർഗ്ഗത്തിൽ ദൈവവലഭാഗത്ത് ഇരുന്നുകൊണ്ട് പക്ഷവാദം ചെയ്യുന്ന ശ്രേഷ്ടമഹാപുരോഹിതനാണ് കർത്താവ്. എന്നാൽ ഈ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ദൈവസഭയിൽ ഇരിക്കുന്നു. സഭ എന്നത് ഒരു മഹത്തായ മർമ്മമാണ്. പഴയനിയമകാലത്ത് വെളിപ്പെട്ടിരുന്നില്ല പുനരുത്ഥാന ശക്തിയിൽ നിലകൊള്ളുന്ന ദൈവസഭ പുനരുത്ഥാനത്തിന്റെ മാത്രം സാധ്യതയാണ്.



www.bahrainbrethren.com

# ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ? (ഉല്പത്തി 22:7)

കെ.എ. ഏബ്രഹാം, മുഴുക്കീർ

**പി**താവായ അബ്രഹാമിനോടൊപ്പം യഹോവയെ ആരാധിപ്പാൻ മോറിയാ മലയുടെ കയറ്റം കയറിക്കൊണ്ടിരുന്ന യിസ്ഹാക്ക് ചോദിച്ച അതിപ്രധാനമായ ഒരു ചോദ്യമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ആരാധന എന്നുള്ള വിഷയം കഴിഞ്ഞ ചില നാളുകളായി ബ്രദറൺ വിശ്വാസികളുടെ മദ്ധ്യെ ഒരു വിവാദവിഷയം ആയികാണുന്നത് ആശ്ചര്യകരം തന്നെ.

അപ്പൊസ്തലിക പിതാക്കന്മാരുടെ കാലം മുതൽ തികച്ചും തിരുവചനാടിസ്ഥാനത്തിൽ മാത്രം ആചരിച്ചുകൊണ്ടിരിക്കുന്ന ആരാധനാക്രമം അതെപടി പിൻതുടരുന്ന ഒരേ ഒരു കൂട്ടരാണ് ബ്രദറൺ വിശ്വാസികൾ അഥവാ വേർപാടുകാർ. എന്നാൽ അതിനൊരു മാറ്റം വരുത്തി. നമുക്കൊരു പേരും ഉണ്ടാക്കാമെന്നുള്ള താൽപര്യത്തോടുകൂടി നമ്മുടെ മദ്ധ്യെ നിന്നും തന്നെ ചിലർ എഴുന്നേറ്റു കാണുന്നത് തികച്ചും വ്യസനകരം തന്നെ! കർത്തൃമേശ ആരാധനയ്ക്ക് അത്യന്താപേക്ഷിതം ആയിരിക്കുന്നില്ല എന്നുള്ളതാണ് അങ്ങനെയുള്ള വരുടെ മതം. എങ്കിൽ അവർ പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്ന് പറഞ്ഞ എഫെസ്യ പുരുഷന്മാരെപ്പോലെ ആരാധന എന്തെന്ന് അറിഞ്ഞിട്ടെയില്ല എന്നു വേണം കരുതുവാൻ. ആകയാൽ പഴയ പുതിയ പ്രമാണങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ആരാധന എന്ന വാക്കിന്റെ അർത്ഥം എന്താണെന്നു നോക്കാം. എന്നുള്ളതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

പഴയനിയമത്തിൽ അബ്രഹാമിന്റെ ആരാധനയാണ് ഏറ്റവും ഉത്തമമായ ആരാധനയുടെ ചരിത്രസംഭവമായി നമുക്കു കാണുവാൻ സാധിക്കുന്നത് (ഉല്പത്തി 22:3-7). ആ ചരിത്ര സംഭവത്തിൽ ശ്രദ്ധേയമായ 6 കാര്യങ്ങളെ കുറിച്ചുള്ള സൂചനകളുണ്ട്.

**1. ആരാധനയ്ക്ക് (ഹോമയാഗത്തിന്) യഹോവയുടെ കല്പന ഉണ്ടായിരിക്കണം (ഉല്പത്തി 22:2)**

യഹോവയുടെ അരുളപ്പാടും കല്പനയും, പ്രാപിച്ചവർക്കു മാത്രമെ യഹോവയെ ആരാധിപ്പാൻ, അവന് യാഗം അർപ്പിക്കുവാൻ അവകാശമുള്ളൂ. എല്ലാവർക്കും എവിടെയും എങ്ങനെയെങ്കിലും ഹോമയാഗം കഴിക്കുവാനുള്ള അവകാശം ദൈവം കൊടുത്തിട്ടില്ല. മോറിയാ ദേശത്ത് യഹോവ കല്പിക്കുന്ന ഒരു മലയിൽ വേണം ഹോമയാഗം കഴിക്കുവാൻ (ഉല്പത്തി 22:2,3). മൂന്നു ദിവസത്തെ നീണ്ട യാത്രാവേളയിൽ അനേകമലകൾ അബ്രഹാം കണ്ടിട്ടുണ്ട്. രണ്ടു ദിവസത്തെ യാത്ര കഴിഞ്ഞു ക്ഷീണിച്ചപ്പോൾ കണ്ട ഒരു മലയിൽ ഹോമയാഗം കഴിക്കാം എന്ന് അബ്രഹാമിനു ചിന്തിക്കാമായിരുന്നു. എന്നാൽ താൻ അങ്ങനെ ചെയ്തില്ല. കാരണം ഒരു മോരിയാ ദേശത്ത് ചെല്ലണമായിരുന്നു. അതാണ് ദൈവം തന്നോട് കല്പിച്ചത്. ദൈവം തന്റെ ഏകജാതനായ പുത്രനെ മാനവജാതിയുടെ പാപ പരിഹാർത്ഥം ക്രൂശിൽ പരമയാഗമാക്കുവാൻ തീരുമാനിച്ചതും

**4. പുതിയനിയമ രൂപീകരണം**

യേശുക്രിസ്തു പുനരുത്ഥാനം ചെയ്തിരുന്നില്ല എങ്കിൽ പുതിയനിയമം എഴുതപ്പെടുമായിരുന്നില്ല. യേശുകല്ലറയിൽ അടയ്ക്കപ്പെട്ടനിലയിൽ അവസാനിക്കുമായിരുന്നുഎങ്കിൽ മറ്റു മത നേതാക്കളെപ്പോലെ ക്രിസ്തുചരിത്രം കല്ലറയിൽ അവസാനിക്കുമായിരുന്നു. കല്ലറയെ തുറന്ന് മരണത്തെയും പാതാളത്തേയും ജയിച്ച് പുനരുത്ഥാനം ചെയ്ത കർത്താവ് പുതിയനിയമത്തിന്റെ സ്ഥാപകനാണ്. പഴയനിയമമായ ന്യായപ്രമാണത്തിന്ന് കഴിയാത്തതിനെ സാധിപ്പാനാണ് യേശുക്രിസ്തു വന്നത്. യേശുക്രിസ്തുവിന്റെ പരസ്യജീവിതകാലത്ത് തന്നെ പഴയനിയമത്തിന്റെ ശബ്ദത്തിൽ അനുവദിക്കാത്ത ഒരു പുതിയമാറ്റം പ്രാവർത്തികമാക്കി കാണിച്ചു. പഴയനിയമത്തിലെ യാഗങ്ങളിൽ അറുക്കപ്പെട്ട മൃഗങ്ങളുടെ രക്തം. ജഡികശുദ്ധി മാത്രം വരുത്തിയതായിരുന്നു എന്നാൽ ലോകത്തിന്റെ പാപത്തെ ചുമന്നൊഴിപ്പാൻ വന്ന ദൈവകുഞ്ഞാടിന്റെ രക്തം പുതിയനിയമത്തിന്റെ രക്തം ആയിരുന്നു. യേശുവിന്റെ രക്തം സകലപാപവും പോക്കി ശുദ്ധീകരിക്കുന്നതാണ്.

**5.സുവിശേഷീകരണം**

ഈ സദ്വാർത്ത ലോകമെങ്ങും വ്യാപിക്കുവാൻ കാരണം യേശുക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. അന്ധകാരഭൂഖണ്ഡമായ ആഫ്രിക്കയിൽ നരഭോജികളെ നരസ്നേഹികളായി രൂപാന്തരപ്പെടുത്തിയത് പുനരുത്ഥാനശക്തിയാണ്. സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും മാറ്റമില്ലാത്തതുമായ വിശുദ്ധതിരുവചനം ആയിരകണക്കിന് ഭാഷകളിൽ ഭാഷാന്തരം ചെയ്ത് സുവിശേഷം പ്രചരിച്ചുകൊണ്ടിരിക്കുന്നത് പുനരുത്ഥാനം ചെയ്ത് സ്വർഗ്ഗത്തിൽ പക്ഷവാദം ചെയ്യുന്ന കർത്താവിനാലാണ്.സുവിശേഷത്തിന്റെ ശക്തിസ്രോതസ്സ് പുനരുത്ഥാനം ചെയ്ത ക്രിസ്തുവാണ്. മരണം അവസാനിപ്പിച്ച ഒരു ദൈവത്തെയല്ല മരണത്തെ ജയിച്ച ജയാളിയായ നേതാവിന്റെ സുവാർത്ത അറിയിക്കുവാൻ ദൈവജനമേ, നമുക്ക് പ്രാഗൽഭ്യമുണ്ട്. (തുടരും)



www.bahrainbrethren.com

ആ മോറിയാമലയിൽ തന്നെ ആയിരുന്നല്ലൊ.

**2. കല്പന അനുസരിക്കണം**

കല്പന അതേപടി അനുസരിക്കുന്നതാണ് ശരിയായുള്ള ആരാധന. അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത് (1 ശമൂ. 15:22). ഒരു യാഗം കഴിക്കുന്നത് തെറ്റായ കാര്യമായി ശൗലിന് തോന്നിയില്ല. എന്നാൽ ആ യാഗത്തിൽ ശമുവേൽ പ്രവാചകന്റെ വാക്ക് ശൗൽ അനുസരിച്ചില്ല എന്നുള്ളതാണ് തെറ്റായിപോയത്. ആയതിന്റെ ശിക്ഷ ശൗലിന് ഏറ്റുവാങ്ങേണ്ടതായും വന്നു.

ആകയാൽ ഞാൻ വരുവോളം എന്റെ ഓർമ്മക്കായി ഇത് ചെയ്യുവിൻ എന്നുള്ള കർത്തൃമേശ ശുശ്രൂഷ കൂടാതെയുള്ള സഭാപരമായ ആരാധന കല്പനാലംഘനമാണ്.

**3. ആരാധനയ്ക്ക് ഒരു ഒരുക്കം ആവശ്യമാണ് (ഉല്പത്തി 22:3)**

അബ്രഹാം അതികാലത്ത് എഴുന്നേറ്റു കഴുതയ്ക്ക് കോപ്പിട്ടുകെട്ടി ബാല്യക്കാരിൽ രണ്ടു പേരെയും തന്റെ മകൻ യിസ്ഹാക്കിനെയും കൂട്ടി ഹോമയാഗത്തിന് വിറക് കീറി എടുത്തുകൊണ്ട് പുറപ്പെട്ടു, ദൈവം തന്നോടുകല്പിച്ച സ്ഥലത്തേക്ക് പോയി. കർത്താവിനെ കാണുവാൻ ആഗ്രഹിച്ച പുതിയ നിയമ സഹോദരിമാരും ഇതുപോലുള്ള ഒരുക്കത്തോടുകൂടിയാണ് കല്ലറക്കൽ എത്തിയത് (ലൂക്കൊസ് 23:56). ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അവർ ഒരുക്കിയ സുഗന്ധവർഗ്ഗവുമായിട്ടാണ് പോയത്. ഇപ്രകാരം ഒരുക്കപ്പെട്ട ഹൃദയത്തിൽ നിന്നും അർപ്പിക്കുന്ന സ്തുതി സ്തോത്രയാഗങ്ങളാണ് ആരാധന. അതല്ലാത് കപ്പക്ക് കിളക്കുമ്പോഴും കയ്യാലകെട്ടുമ്പോഴും കർത്തൃമേശവച്ച് കർത്താവിനെ ആരാധിക്കാം എന്നുള്ളത് കേവലം വികലമായ ചിന്താഗതിയാണ്.

**4. ആരാധനയ്ക്ക് മുമ്പ് ഒരു വേർപാടിന്റെ അനുഭവം ഉണ്ടാകണം (ഉല്പത്തി 22:5)**

അബ്രഹാം ബാല്യക്കാരോട്; നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ; ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ച് മടങ്ങി വരാം എന്നു പറഞ്ഞു. 3 ദിവസത്തെ യാത്രയിൽ ഒപ്പം കൂടെയുണ്ടായിരുന്ന ബാല്യക്കാരിൽ നിന്നുമുള്ള ഒരു വേർപാട് ദൈവത്തെ ആരാധിപ്പാൻ ആവശ്യമാണ് എന്ന് അബ്രഹാം അറിഞ്ഞു. പിൽക്കാലത്ത് മോശെയും ഇതുതന്നെയാണ് അനുവർത്തിച്ചത്. മിശ്രയമിൽ ഒരു ആരാധനാലയം പണിത് ദൈവത്തെ ആരാധിപ്പാൻ സാഹചര്യം ഇല്ലാതിരുന്നിട്ടല്ല മോശെ ഫറവോനോട് ഇപ്രകാരം അരുളിചെയ്തത് എന്ന് നാം ഓർക്കണം. എന്റെ ജനം എന്നെ ആരാധിക്കേണ്ടതിന് നീ അവരെ വിട്ടയക്കണം.

പുതിയനിയമ വിശ്വാസികളും ഈ ലോകക്കാരിൽ നിന്നും വേർപെട്ട് അപ്പൊസ്തലന്മാരോട് ചേർന്ന് കർത്താവിനെ ആരാധിച്ചുപോന്നു എന്നു വേണം മനസ്സിലാക്കുവാൻ (അപ്പൊ. 2:42).

**5. ആരാധന ഒരു സമർപ്പണമാണ് (ഉല്പത്തി 22:9)**

ദൈവം കല്പിച്ചിരുന്ന സ്ഥലത്ത് അവർ എത്തി; അബ്രഹാം ഒരു യാഗപീഠം പണിതു വിറക് അടുക്കി തന്റെ മകൻ യിസ്ഹാക്കിനെ കെട്ടി യാഗപീഠത്തിന്മേൽ വിറകിന്മീതെ കിടത്തി. ഹോമയാഗത്തിന് ദൈവം ഒരുക്കിയിരിക്കുന്ന ആട്ടിൻകുട്ടിയെ ഹൃദയ കണ്ണുകളാൽ അബ്രഹാം കണ്ടുകൊണ്ടാണ് മകൻ യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ കിടത്തി പൂർണ്ണമായുള്ള ഒരു സമർപ്പണത്തിന്റെ മാതൃക നമുക്ക് കാണിച്ചുതന്നിരിക്കുന്നത്.

ഈ കാഴ്ചപ്പാടിലാണ് പൗലൊസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്; സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ (റോമർ 12.1).

കർത്തൃമേശ ശുശ്രൂഷകളോടുകൂടി കർത്താവിനെ സ്മരിച്ചുകൊണ്ടുള്ള ആരാധനാവേളകളിലേ നമ്മുടെ ഹൃദയങ്ങൾ സംപൂർണ്ണമായ സമർപ്പണത്തിന്റെ അനുഭവത്തിലേക്ക് ആനയിക്കപ്പെടുകയുള്ളൂ.

**6. ആരാധനയിൽ ആട്ടിൻകുട്ടിയെ വിസ്മരിച്ചുകൂടാ (ഉല്പത്തി 22:7)**

ആരാധകനായ അബ്രഹാമിന്റെ ഹൃദയത്തിൽ ദൈവം ഹോമയാഗത്തിനായി ഒരുക്കിയിരിക്കുന്ന ആട്ടിൻകുട്ടിയെക്കുറിച്ചുള്ള കാഴ്ച നിറഞ്ഞു നില്കുകയാണ്. എന്നാൽ കഴിഞ്ഞ 3 ദിവസം ആരാധകനായ അബ്രഹാമിനോടൊപ്പം യാത്ര ചെയ്ത യിസ്ഹാക്കിന്റെ ഹൃദയത്തിൽ അങ്ങനെയൊരു കാഴ്ചപ്പാട് ലഭിച്ചിരുന്നില്ല. ഒടുവിൽ ആരാധനയുടെ സമയം അടുത്തപ്പോൾ ആരാധനയുടെ കേന്ദ്രബിന്ദുവായ കുഞ്ഞാടിനെ കുറിച്ചുള്ള ഓർമ്മ തന്റെ ഹൃദയത്തിൽ നിറഞ്ഞു. കാരണം തന്റെ ബാല്യകാലം മുതൽ അവൻ അതിന് സാക്ഷിയാണ്. ഒരിക്കൽ പോലും തന്റെ പിതാവ് ഒരു ആട്ടിൻകുട്ടിയെ കൂടാതെയുള്ള യാഗം (ആരാധന) കഴിച്ചിട്ടില്ല. കഴിഞ്ഞ 3 ദിവസമായി ആരാധനയോടുള്ള ബന്ധത്തിലുള്ള ഈ യാത്രയിൽ എനിക്ക് ആ കുഞ്ഞാടിനെകുറിച്ച് ഓർക്കുവാൻ സാധിച്ചില്ലല്ലൊ! എന്നുള്ള യിസ്ഹാക്കിന്റെ ചിന്തയാണ് ഈ ചോദ്യത്തിന്റെ പ്രാധാന്യം ആരാധനയോടുള്ള ബന്ധത്തിൽ വിറക് കീറി ചുമക്കാനും കസ്സേരകൾ അടുക്കുവാനും കാര്യാദികൾ നോക്കി കാര്യക്കാരായി കഴിയുന്ന അനേകർ കുഞ്ഞാടിനെ മറക്കുന്നവർ ആയിപോകുവാൻ



www.bahrainbrethren.com

സഹോദരിമാരോട്......

# ക്രിസ്തുവിലായാൽ. . . (യോഹ. 4:5-42)

ഗിരിജാ ജോസഫ്, അട്ടപ്പാടി

ശമര്യ പട്ടണത്തിലാണ് അവളുടെ താമസം യാക്കോബ് തന്റെ പുത്രനായ യോസേഫിനു കൊടുത്ത നിലത്തിലുള്ള ഉറവിനരികിലേക്കാണ് അവളുടെ യാത്ര.

സമയം നട്ടുച്ച. അവൾ പാത്രവുമായി ഉറവിനരികിലേക്ക് മെല്ലെ നടന്നു. അവളിന്ന് ഏകയാണ്. ഓമനിക്കുവാൻ നഷ്ടങ്ങളുടെ ഒരു പിടി ഓർമ്മകൾ മാത്രം. കഴിഞ്ഞനാളുകളിൽ എത്രയോ ജീവിതങ്ങളെ സന്തോഷിപ്പിച്ചവളാണ്? ഇന്ന് ലോകത്തിന്റെ മുന്നിൽ ഹീന ഇന്നലകളെ ഓർത്ത് നെടുവീർപ്പിട്ടുകൊണ്ട് അവൾ മെല്ലെ മുമ്പോട്ടു നീങ്ങി.

സ്വന്തമെന്നു പറയുവാൻ ആരുമില്ല. തന്റെ ഹൃദയ വേദനകളെ അറിയുവാനോ ഹൃദയം തുറന്നു സംസാരിക്കുവാനേ തനിക്കാരുമില്ല സമൂഹത്തിൽ ഒറ്റപ്പെടുത്തലുകൾ മാത്രം. ആരോരുമില്ലാത്ത നേരം നോക്കി ഉറവിനെ ലക്ഷ്യമാക്കി നടന്നു. അവളുടെ ജീവിതത്തിന് യതൊരു ലക്ഷ്യവുമില്ല.

പക്ഷേ, ഈ യാത്ര ഒരു ശുഭയാത്രയാകുമെന്ന് അവൾ ഒരിക്കലും കരുതിയില്ല. തന്റെ ജീവിതത്തിന് ഒരു പുതിയ മാറ്റം കൈവരുമെന്ന് പ്രതീക്ഷിച്ചതേയില്ല. അവൾ ഉറവിനരികിലെത്തി. അപ്രതീക്ഷിതമായി... അതാ ഒരാൾ... ഉറവിനരികിൽ ഇരിക്കുന്നു. കണ്ടമാത്രയിൽ തന്നെ അത് ഒരു യഹൂദനാണെന്നു അവൾക്കു ബോധ്യമായി പക്ഷേ... അവൾക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല. യഹൂദന്മാരും ശമര്യരും തമ്മിൽ സമ്പർക്കമില്ലായിരുന്നു. പിന്നെ ... ഈ മനുഷ്യൻ ഇവിടെ...? ഈ നേരത്ത്...? പലവിധ ചിന്തകൾ അവളുടെ ഉള്ളിൽ പൊന്തി.അവളെ സൃഷ്ടിച്ച അവളുടെ ത്രികാലങ്ങളും അറിയുന്ന വലിയവനായ യേശു കർത്താവാണ് അവളുടെ സമീപെ നിൽക്കുന്നതെന്ന് അവൾ അറിഞ്ഞിരുന്നില്ല.

"എനിക്കു കുടിപ്പാൻ തരുമോ?" കർത്താവിന്റെ ഈ ചോദ്യത്തിനു മുമ്പിൽ അവൾ ഭ്രമിച്ചു നിന്നു. നീ യെഹൂദനായിരിക്കെ ശമര്യക്കാരത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതെങ്ങനെ? അവളുടെ മറുചോദ്യം. "നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു." എന്ന കർത്താവിന്റെ ഉത്തരം കേട്ട് അവൾ ആശ്ചര്യപ്പെട്ടു. ഇത് സാധാരണക്കാരനല്ല എന്നവൾക്കു ബോധ്യപ്പെട്ടു. എന്നാൽ ജീവജലത്തിന്റെ ഉറവയായ ക്രിസ്തുവാണ് തന്നോടു സംസാരിക്കുന്നതെന്ന അറിവ് അവൾക്കുണ്ടായിരുന്നില്ല. സംഭാഷണ മദ്ധ്യേ കർത്താവ് അവളുടെ ഭൂതകാലത്തെക്കുറിച്ചും അവൾ ആരാണെന്നും വെളിപ്പെടുത്തി. കർത്താവിന്റെ വാക്കുകൾ അവളിൽ വ്യത്യാസമുണ്ടാക്കി. അവസാനം 'നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മശീഹ'എന്നു അവൾക്കു വെളിപ്പെടുത്തിക്കൊടുത്തു.

ഇത് അവളുടെ ജീവിതത്തെ മാറ്റി മറിച്ചു. അവൾ ഇപ്പോൾ പഴയ ആളല്ല. അവളുടെ മുഖത്തെ ഭാവവും സംസാരവും എല്ലാം മാറി. ഇപ്പോൾ അവൾ ഒരു പുതിയ വ്യക്തിയായി. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി. ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു (2 കൊരി. 5:17).

ഇനിയവൾക്കു പറയുവാൻ ഒന്നേയുള്ളൂ. തന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയ മശീഹായെക്കുറിച്ച്. അവൾ പാത്രം ഉപേക്ഷിച്ചു പട്ടണത്തിലേക്കു ഓടി. "ഞാൻ ചെയ്തതു ഒക്കെയും എന്നോടു പറഞ്ഞ മശിഹായെ വന്നു കാൺമീൻ". അവളുടെ സാക്ഷ്യം നിമിത്തം ആ പട്ടണത്തിലെ പലരും കർത്താവിനെ വിശ്വസിക്കുവാൻ കാരണമായി.

പ്രിയ സഹോദരിമാരേ, നമ്മുടെ ജീവിതയാത്രയിൽ നാമും കർത്താവിനെ കണ്ടുമുട്ടി. അവന്റെ ദിവ്യ വചനങ്ങൾ നമ്മെ പുതുമനുഷ്യരാക്കി. നമുക്ക് നമ്മുടെ കർത്താവിനെ ക്കുറിച്ചു സാക്ഷ്യം പറയാം

സമൂഹത്തിൽ ഏറ്റവും മോശമായി ജീവിച്ച ഈ സ്ത്രീ ക്രിസ്തുവിലേക്കു വന്നപ്പോൾ അവളുടെ ജീവിതം മാറി, ലക്ഷ്യം മാറി. അവൾ പറഞ്ഞ സാക്ഷ്യം ഒരു പട്ടണത്തെതന്നെ ക്രിസ്തുവലേക്കു നടത്തി. അവൾ ഇന്നും ഒരു വെല്ലുവിളിയായി നമ്മുടെ മുമ്പിൽ നിൽക്കുന്നു.

പ്രിയ സഹോദരിമാരേ! നമ്മുടെ ജീവിതത്തിലെ വ്യത്യാസം മറ്റുള്ളവരെ ക്രിസ്തുവിലേക്ക് അടുപ്പിക്കുവാൻ ഇടയാകട്ടെ. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ . . . ആമേൻ

---

പാടില്ല. എന്നാൽ ഇന്ന് ആധുനിക ക്രൈസ്തവ സമൂഹത്തിലും നമ്മുടെ ഇടയിലും നടക്കുന്ന അനേക ആരാധനകളിലും കുഞ്ഞാട് വിസ്മരിക്കപ്പെട്ടു പോകുന്നത് എത്രയൊ കഷ്ടം!

ആകയാൽ വേർപെട്ട ദൈവമക്കളായ നമ്മുടെ ആരാധനാവേളയിൽ, 4 ജീവികളുടെ നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നില്ക്കുന്നത് യോഹന്നാൻ കണ്ടതുപോലെ കണ്ടുകൊണ്ട് എല്ലാ കർത്തൃദിവസവും പിതാവായ ദൈവത്തെ പുത്രൻ മുഖാന്തരം ആരാധിക്കാം. അവന്റെ വലിയ നാമം എന്നും എന്നേക്കും മഹത്വപ്പെടുമാറാകട്ടെ. ●



www.bahrainbrethren.com

# ഒരു അനുസ്മരണം
# വേദനയില്ലാത്ത വീട്ടിൽ . . . .

**സുവി. രാജൻ വി. തോമസ്, കോഴഞ്ചേരി**



2008 ജൂലൈ 23 ന് ഇടയാറന്മുള ഏബ്രഹാം വർഗ്ഗീസിന്റെ സഹധർമ്മിണി സാറാമ്മ ഏബ്രഹാം (69) താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. എടത്വാ മൂന്നുതൈക്കൽ പരേതരായ ശ്രീ വർഗ്ഗീസിന്റെയും ശ്രീമതി മറിയാമ്മ വർഗ്ഗീസിന്റെയും 5 മക്കളിൽ ഇളയ മകളായി മാർത്തോമ്മാ കുടുംബത്തിൽ 1939 ൽ ജനിച്ചു. നേഴ്സിംഗ് പഠനത്തിനുശേഷം ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1967ൽ ഏബ്രഹാം വർഗ്ഗീസുമായി വിവാഹിതയായി. തനിക്ക് രക്ഷിക്കപ്പെടുന്നതിനും 1973 ൽ വിശ്വാസ സ്നാനം സ്വീകരിക്കുന്നതിനും ഇടയായി. കുടുംബമായി സൗദി അറേബ്യയിൽ ജോലി ചെയ്തിട്ടുണ്ട്. ഈ സന്ദർഭങ്ങളിൽ ദൈവസ്നേഹം പലരോടും പങ്കുവയ്ക്കുന്നതിനും അനേകരെ കർത്താവിലേക്ക് നയിക്കുന്നതിനും ഇടയായിട്ടുണ്ട്. ജിദ്ദയിലുള്ള ബ്രദറൺ കൂടിവരവിന് തുടക്കം കുറിച്ചത് ഈ കുടുംബം താമസിച്ച ഭവനത്തിൽ വച്ചായിരുന്നു. ഇന്ന് വലിയൊരു കൂട്ടം വിശ്വാസികൾ അവിടെ ദൈവത്തെ ആരാധിച്ചുവരുന്നു. ജോലിയിൽ നിന്ന് വിരമിച്ച് കുടുംബമായി നാട്ടിൽ എത്തിയെങ്കിലും സ്വഭവനത്തിൽ താൻ രോഗശയ്യയിൽ കഴിയുകയായിരുന്നു. തന്റെ വേദനയുടെയും പ്രയാസത്തിന്റെയും മദ്ധ്യത്തിൽ ദൈവീക കരുതൽ വളരെ അനുഭവിച്ചറിയുവാനിടയായിട്ടുണ്ട്. ദൈവസ്നേഹം, സഹോദര പ്രീതി, അതിഥി സൽക്കാരം, ദൈവജനത്തോടുള്ള കരുതൽ, പ്രാർത്ഥനാ ജീവിതം അതിലുപരി സുവിശേഷം മറ്റുള്ളവരുമായി പങ്കു വെയ്ക്കുക തുടങ്ങിയവ തന്റെ ജീവിത ശൈലിയായിരുന്നു. ദൈവവേലയെ സ്നേഹിച്ചുകൊണ്ട് കർത്തൃദാസന്മാരുടെ ആവശ്യങ്ങളിൽ കരുതൽ കാണിക്കുകയും അവരെ മാനിക്കുകയും ചെയ്തിരുന്നു. താൻ നല്ല വണ്ണം ക്രിസ്തീയഗാനങ്ങൾ ആലപിക്കുമായിരുന്നു. നിസ്തുലനാം നിർമ്മലനാം, കരുതുന്നവൻ ഞാനല്ലയോ, ഞാനൊരിക്കൽ ഞാനൊരിക്കൽ.... തുടങ്ങിയവ തന്റെ ഇഷ്ടഗാനങ്ങളിൽ ചിലതാണ്. തന്റെ രോഗക്കിടക്കയിലും വേദനയിലും പ്രത്യാശ കൈവിടാതെ "എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയാകുന്നു" എന്ന് ഉറച്ച് വിശ്വസിച്ച് ഒരു പ്രത്യാശാഭരിതമായ ക്രിസ്തീയ ജീവിതം നയിച്ചിരുന്നു. തന്നെ സ്നേഹിക്കുന്ന അനേകർ രോഗക്കിടക്കയിൽ വന്ന് കാണുകയും പ്രാർത്ഥിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭൗമീകമായി ഈ ദമ്പതികൾക്ക് മക്കളെ ദൈവം നൽകിയിട്ടില്ലെങ്കിലും സ്വർഗ്ഗത്തിലെ ദൈവം അനേകം ദൈവമക്കളെ അവർക്കുവേണ്ടി ഒരുക്കി എന്നതും വളരെ സ്മരണീയം തന്നെ. "നല്ല പോർ പൊരുതു, ഓട്ടം തികച്ചു വിശ്വാസം കാത്തു" പ്രത്യാശയുടെ തീരത്ത് വേദനയില്ലാത്ത വീട്ടിൽ വിശ്രമിക്കുന്ന പ്രിയ കർത്തൃദാസിയുടെ അനുഗ്രഹിക്കപ്പെട്ട ജീവിതം നമുക്കും ഒരു മാതൃകയായിരിക്കട്ടെ. ഇപ്പോൾ ഭവനത്തിൽ ഏബ്രഹാം വർഗ്ഗീസിനോടൊപ്പം സാറാമ്മയുടെ സഹോദര പുത്രൻ സണ്ണിയും ഭാര്യ എൽസിയും താമസിക്കുന്നു. ദുഃഖിതരായിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർത്താലും

---



**തിരുവല്ല (ചുമത്ര)** : മരുപ്പേൽ പരേതനായ എം.എസ്. ബേബിയുടെ ഭാര്യ കുഞ്ഞൂഞ്ഞമ്മ (73) 4-11-08 ൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പ്രിയ മാതാവിന്റെ ഭൗതിക ശരീരം 7-11-08 ൽ തിരുവല്ല ബ്രദറൺ സഭയുടെ ചുമതലയിൽ ആ സഭയുടെ ആഞ്ഞിലിത്താനത്തുള്ള സെമിത്തേരിയിൽ അനേകം ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. എം. ഇ. ചെറിയാൻ, എം.ഇ.മത്തായി, ടി.ഇ. തോമസ്, ടി. ഇ. ഈശോ എന്നിവർ പരേതയുടെ സഹോദരന്മാരാണ്. പരേത കുറിയന്നൂർ താന്നിക്കപ്പുറത്തൂട്ട് കുടുംബാംഗമാണ്. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക. എന്ന് തോമസ് കുട്ടി കുരുവിള.

---

## കൊട്ടാരക്കര കൺവൻഷൻ 2009

സ്ഥലം - ബ്രദ്റൺ ഗോസ്പൽ ഹാൾ, പുലമൺ, കൊട്ടാരക്കര

സമയം - 2009 ജനു. 12 തിങ്കൾ - 18 ഞായർ വരെ

പ്രസംഗകർ - പി.വി. ബഞ്ചമിൻ, വി.പി. പൗലൊസ്, ജോർജ്ജ് ചാക്കോ, സണ്ണിതോമസ്, പി.എസ്. തമ്പാൻ, വർഗ്ഗീസ് കുര്യൻ.

പ്രാർത്ഥിക്കുകയും സംബന്ധിക്കുകയും ചെയ്യുക.

എന്ന്

കൺവീനർ



www.bahrainbrethren.com

# ദൈവസഭയ്ക്കുള്ളിലെ കൈപ്പുള്ള വേരുകൾ

ജോർജ്ജ് സി.വറുഗീസ്, തിരുവനന്തപുരം

"ആരും ദൈവകൃപ വിട്ട് പിന്മാറുകയും വല്ല കൈപ്പുള്ള വേരും മുളച്ച് കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ..... ഏശാവിനെപ്പോലെ അഭക്തനായിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവീൻ" (എബ്രാ. 12:15-16).

അപ്പൊസ്തലനായ പൗലൊസ് വളരെ ശ്രദ്ധേയമായ ഒരുപദേശമാണ് ഈ വാക്യങ്ങളിൽക്കൂടെ എബ്രായവിശ്വാസികളെ ഓർപ്പിച്ചെഴുതുന്നത്. അപ്രതീക്ഷിതമായ സമയത്തായിരിക്കും ഈ കൈപ്പുള്ള വേരുകൾ വിശ്വാസികളുടെ മദ്ധ്യത്തിൽ ഉണ്ടായി കെടുതികൾ ഉണ്ടാകുന്നത്. അതിനാൽ വളരെ ശ്രദ്ധാലുക്കളായി ജീവിക്കേണ്ട ആവശ്യമുണ്ട് എന്ന കാര്യം അവരെ ഉൽബോധിപ്പിക്കുകയാണ്. ഇത് നാമും കുറിക്കൊള്ളേണ്ട ഒരു ഭയനിർദ്ദേശമായിരിക്കുന്നു. ഈ കാര്യം എത്രയോ വാസ്തവമാണ് എന്ന കാര്യം ഈ ലേഖകന്റെ ഒരനുഭവത്തിൽക്കൂടെ ഓർപ്പിക്കട്ടെ.

കഴിഞ്ഞമാസത്തിലൊരു ദിവസം ഒരു യാത്രക്കായി ഞാൻ തയ്യാറായപ്പോൾ വഴിയാത്രയിൽ കഴിക്കാനായി ഒരു ആപ്പിൾ കട്ടുചെയ്ത് ഒരു കവറിലാക്കി എന്റെ ബാഗിനുള്ളിൽ വച്ചിരുന്നു. യാത്രയ്ക്ക് അല്പം തിടുക്കമുണ്ടായിരുന്നതിനാൽ ആപ്പിൾ കട്ടുചെയ്തിരുന്നെങ്കിലും അത് കഷണങ്ങളായി പ്രത്യേകം വേർപെടുത്തിയിരുന്നില്ല. യാത്രയ്ക്കിടയിൽ ഒരു കഷണം വേർപെടുത്തി കഴിച്ചു തുടങ്ങിയപ്പോൾ പതിവിനു വിപരീതമായി മനംമടുപ്പിക്കുന്ന ഒരു കൈപ്പ്. കാരണം തിരക്കിയ എന്റെ കണ്ണിൽപ്പെട്ടത് ആപ്പിളിന്റെ നടുവിൽ കേന്ദ്രസ്ഥാനത്ത് വിശ്രമിക്കുന്ന ഒരു പുഴുവും അതിന്റെ കറുത്ത കാഷ്ടങ്ങളുമായിരുന്നു. എന്റെ മുഖത്തെ ഭാവഭേദം സഹയാത്രികർ കാണേണ്ട എന്നു കരുതി പായ്ക്കറ്റ് തിരികെ ബാഗിനുള്ളിലാക്കി യാത്ര തുടർന്നു. സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന കല്ലുകളെപ്പറ്റിയും അതുമൂലമുണ്ടാകുന്ന കലക്കങ്ങളെയും കെടുതികളെയും പറ്റി തുടർന്നുള്ള യാത്രയിൽ ഓർക്കുവാനിടയായി. വളരെ ശ്രദ്ധാലുക്കളായി സഹവിശ്വാസികളെ സ്നേഹത്തോടും കരുതലോടും കൂടെ വീക്ഷിക്കേണ്ട ആവശ്യകതയാണ് ഇന്ന് സ്ഥലംസഭകളിൽ നിലനിൽക്കുന്നത് എന്ന് ഓർക്കുവാനിടയായി.

വീട്ടിൽ തിരികെ എത്തി വിശദമായ പരിശോധന ചെയ്തപ്പോഴാണ് ആ പുഴു ആപ്പിളിനുള്ളിൽ ചെയ്തു കൊണ്ടിരിക്കുന്ന കെടുതികളെപ്പറ്റി ബോദ്ധ്യപ്പെട്ടത്. ദിനേന ഈ പുഴു ആപ്പിളിന്റെ ഉൾക്കാമ്പ് തിന്നു തീർത്ത് വളർന്നുകൊണ്ടിരിക്കുകയും കാഷ്ടം പുറപ്പെടുവിച്ച് ആപ്പിൾ കൈപ്പാക്കിതീർക്കുകയുമാണ്. ആപ്പിൾ ഒരു തോടായി തീർന്നുകൊണ്ടിരിക്കുകയാണ്. പുറമെ നോക്കിയാൽ നല്ല ചുവപ്പു നിറത്തിലുള്ള മനോഹരമായ ആപ്പിൾ എന്നാൽ അകമേയോ? ദ്രവിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ ചില വിശ്വാസികളുടെ ശരിയായ ചിത്രം. പുറമേയുള്ള മനുഷ്യൻ മനുഷ്യരുടെ ദൃഷ്ടിയിൽ ശരിയാണ്. എന്നാൽ അകമെയുള്ള മനുഷ്യനോ. ദ്രവിച്ചുകൊണ്ടിരിക്കുന്നു. ബലഹീനനായിരിക്കുന്നു. പക്ഷേ ആരും അറിയുന്നില്ല. ഇന്ന് വ്യക്തിജീവിതത്തിലും സഭാജീവിതത്തിലും സാത്താൻ പ്രവേശിച്ച് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന കെടുതികളെയും കൈപ്പിന്റെ അനുഭവങ്ങളെപ്പറ്റിയും ആപ്പിളിനുള്ളിലെ പുഴുവിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കാൻ സാധിക്കാത്ത വിധത്തിൽ സാത്താൻ ഉൾപ്രവേശിച്ച് നമ്മെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. "തലമുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ട് മുടിവരെ ഒരു സൗഖ്യവുമില്ല. മുറിവും ചതവും പഴുത്തവൃണവും മാത്രമേയുള്ളൂ. അവയെ ഞെക്കിക്കഴുകീട്ടില്ല. വെച്ചു കെട്ടീട്ടില്ല. എണ്ണപുരട്ടി ശമിപ്പിച്ചിട്ടുമില്ല" (യെശ. 1:5-6). ഫലമോ? ജഡത്തിന്റെ പ്രവർത്തികളായ പക, പിണക്കം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ മുതലായവ ഇന്ന് വിശ്വാസികളിൽ വർദ്ധിച്ച് സഭകളിൽ ഭിന്നത ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആത്മാവിന്റെ ഫലമായി അപ്പൊസ്തലൻ പറഞ്ഞിരിക്കുന്ന ലിസ്റ്റിൽ നിന്നും സഹോദരന്മാർ തമ്മിലുള്ള സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, സൗമ്യത എന്നിവ കുറഞ്ഞ് കൈപ്പിന്റെ അനുഭവം ഉണ്ടായിക്കൊണ്ടിരിക്കുന്നു (ഗലാ. 5:19, 22-24). സഹോദരന്മാർ തമ്മിലുള്ള കൂട്ടായ്മാ ബന്ധം തകർന്നുകൊണ്ടിരിക്കുന്നു. 'ആത്മാവിൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്ക' എന്ന ആത്മാവിന്റെ പ്രബോധനം നാം കൈക്കൊള്ളേണ്ടതായുണ്ട്. ദൈവവചനം നമ്മുടെ പാതയിലെ പ്രകാശമാണ് (സങ്കീ. 119:103). ദൈവവചനം ഒരു കണ്ണാടിയാണെന്ന് യാക്കോബ് തന്റെ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു (1:23). ഒരുവന്റെ മുഖത്തുള്ള വൈകൃതങ്ങൾ കാണിച്ചു കൊടുക്കുന്നതാണ് കണ്ണാടി. കണ്ണാടി നമ്മോടു പറയുന്നു പല്ലു തേക്കുക, ഷേവ് ചെയ്യുക, മുഖത്തു അഴുക്ക് പറ്റിപ്പിടിച്ചിരിക്കുന്നു തുടങ്ങിയകാര്യങ്ങൾ. അനുസരിക്കാതിരുന്നാലോ ദൈവവചനമാകുന്ന കണ്ണാടി ഈ കാര്യം നമുക്ക് കാണിച്ചുതരുന്നെന്നു മാത്രമല്ല അവയ്ക്കുള്ള പരിഹാരവും നിർദ്ദേശിച്ചു തരുന്നു. ദൈവവചനത്തിലേക്ക് തിരിയുക എന്നതാണ് ഇന്നത്തെ സഭകളിലുള്ള കുഴച്ചിലുകൾക്കും



www.bahrainbrethren.com

ആത്മീയ ദുരവസ്ഥയ്ക്കുമുള്ള ഏക പരിഹാര മാർഗ്ഗം. ഓരോ പ്രാവശ്യം ദൈവവചനമാകുന്ന കണ്ണാടിയിൽ നോക്കുമ്പോൾ മുമ്പുണ്ടായിരുന്ന മാലിന്യങ്ങൾ പശ്ചാത്താപത്താലുളവാകുന്ന കണ്ണീരിനാൽ കഴുകി ശുദ്ധീകരിച്ചായി കാണുവാൻ ഇടയാകട്ടെ. അത്യന്തം ഘനതരവും ബുദ്ധ്യുപദേശപരവുമത്രേ അപ്പൊസ്തലന്റെ ഈ ഉൽപ്രബോധനം. സകല ക്രിസ്തു വിശ്വാസികൾക്കും ഒരുപോലെ ബാധകവും പ്രസക്തവുമായ വാക്കുകൾ തന്നെയാണിവ. പരസ്പരം വിശുദ്ധവും ദൈവികവും തീക്ഷ്ണതാപൂർവ്വമായ കരുതലുണ്ടായിരിപ്പാൻ സഭാംഗങ്ങളോട് താൻ ആവശ്യപ്പെടുകയാണ്. ഇടയന്റെയോ ഉപദേഷ്ടാവിന്റെയോ വേലയ്ക്ക് എല്ലാവരെയും വിളിച്ചിട്ടില്ല. ക്രിസ്തീയ വിശ്വാസികളോട് മൊത്തത്തിലുള്ള ഒരു പ്രബോധനമാണിതെന്ന് അനുസരിപ്പാൻ നാം ബാദ്ധ്യസ്ഥരും. ഇടയന്മാർ വേണ്ട വിധത്തിൽ അജപാലനം നടത്തുന്നില്ല എന്ന ഖേദകരമായ പരാതി നാം സർവ്വത്ര കേൾക്കുന്നുണ്ട്.

മൂപ്പന്മാർ പരിപാലിക്കപ്പെടേണ്ട ഇന്നത്തെ സ്ഥലം സഭകൾ. മറ്റ് ഇതര സഭകളിൽ കാണപ്പെടുന്നതുപോലെ 'മൂപ്പന്മാരെ' പുറംതള്ളി എല്ലാ ശുശ്രൂഷകളും തന്റെ കൈപ്പിടിയിലാക്കി. "ചീഫ് മൂപ്പ"നാകാൻ ശ്രമിക്കുന്ന ചില ആധുനിക മൂപ്പന്മാരുടെ ചെയ്തികൾ മൂലം പെട്ടെന്ന് 'കയ്പ്പുള്ള വേരുകൾ' മുളച്ച് സഭകളിൽ കലക്കങ്ങളും സഹവിശ്വാസികളിൽ എതിർപ്പുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. മറ്റിതര സ്ഥാപനങ്ങളിൽ കാണുന്നതുപോലെ ഒരു C.E.O. തസ്തിക ഉണ്ടാക്കാൻ ശ്രമിക്കുകയാണവർ. ഇപ്രകാരമുള്ള ഇന്നത്തെ സഭയുടെ ആത്മീയ ദാരുണാവസ്ഥയിൽ കൃപാവരങ്ങളുടെ ഒരു സമൃദ്ധമാരി ഉണ്ടാകുമെന്ന് നമുക്കെങ്ങനെ പ്രതീക്ഷിക്കാം? നമ്മുടെ മദ്ധ്യേ ശോചനീയമാം വിധം മുളച്ചു വർദ്ധിച്ചു വരുന്ന വിഭാഗങ്ങൾ ലോകമയത്വം, പ്രകടമായ അവിശ്വസ്ഥത, സഹവിശ്വാസികളുടെ ആത്മീയ ശുശ്രൂഷകൾ കയ്യടക്കുവാനുള്ള വ്യാമോഹങ്ങൾ, യോഹന്നാന്റെ മൂന്നാം ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്ന ദിയോത്രേഫോസ് പോലെയുള്ള ആളുകളുടെ വർദ്ധനവും പ്രധാനിയാകുവാനുള്ള തത്രപ്പാടായിരുന്നു ഇദ്ദേഹത്തിന്റെ വലിയ പ്രശ്നം. സഹവിശ്വാസികളുടെ ശുശ്രൂഷകളെയും, അവകാശങ്ങളെയും മനപ്പൂർവ്വം കവർന്നെടുത്ത ശേഷം എല്ലാകർത്തൃദിവസത്തിലും ക്രമമായി ആരാധന കഴിക്കുന്നുണ്ട്. എന്നാൽ ആരുടെ മുമ്പിലാണ് ഇവിടെ മുട്ടുകുത്തിയിരിക്കുന്നതെന്ന അവബോധം നമുക്കുണ്ടോ? "ഇവിടെയിതാ ശലോമോനിലും വലിയവൻ" അവൻ നീതിയുള്ള ന്യായാധിപനാണ് ശലോമോന്റെ മുൻപിൽ ആ സ്ത്രീകൾ തങ്ങളുടെ കുഞ്ഞുങ്ങളെ സംബന്ധിച്ചുള്ള തർക്കവുമായി ചെന്നത് ഓർക്കുമല്ലോ. സഹോദരങ്ങളേ നമ്മുടെ അവകാശ സ്ഥാപനത്തിനായി ഈ ഭൂമിയിലുള്ള അധികാരികളെയോ, ന്യായാധിപന്മാരെയോ, കോർട്ടിനെയോ സമീപിക്കണമോ? നമ്മുടെ 'പള്ളക്കൽ' നിന്ന് എടുത്ത കുഞ്ഞിനെ കീറിമുറിച്ചാലും വേണ്ടില്ല, സഭ രണ്ടായാലും വേണ്ടില്ല എനിക്കും പ്രമാണിയാകണം എന്ന് വിചാരിച്ച് പ്രവർത്തിക്കുന്നവരോട് നമ്മുടെ പ്രതികരണം എന്തായിരിക്കണം? നാം സഭയിൽ ഭിന്നത ഉണ്ടാക്കുകയോ അതിന് കൂട്ടുനിൽക്കുകയോ ചെയ്യരുത്. സൗമ്യതയുടെ ആത്മാവിൽ ഏർപ്പെടുക മാത്രമാണ് നമുക്ക് ചെയ്യാൻ കഴിയുക. ഇന്ന് കേരളത്തിലും പുറത്തും ചില സഹോദരങ്ങൾ നിമിത്തം ഭിന്നതയുടെ ആത്മാവിൽ പല കഷണങ്ങളായി സഭ മാറിക്കൂടുന്ന അവസ്ഥ സംജാതമായത് നാം അറിയുന്നുണ്ടല്ലൊ. എന്നാൽ നാം ജീവനുള്ള കർത്താവിനെ 'കീറിമുറിക്കാൻ' ശ്രമിക്കയോ അതിനു കൂട്ടുനിൽക്കുകയോ ചെയ്യരുത്. മാറയെ മധുരമാക്കിത്തീർക്കാൻ കഴിയുന്നവനാണ് നമ്മുടെ കർത്താവ്. ഭോക്താവിൽ നിന്ന് ഭോജനവും മല്ലനിൽ നിന്ന് മധുരവും പുറപ്പെടുവിക്കാൻ അവന് കഴിയുമല്ലോ. സൈന്യങ്ങളുടെ യഹോവ ആണയിട്ട് അരുളിച്ചെയ്യുന്നത് ഞാൻ വിചാരിച്ചതുപോലെ സംഭവിക്കും. ഞാൻ നിർണ്ണയിച്ചതുപോലെ നിവർത്തിയാകും..... സൈന്യങ്ങളുടെ യഹോവ നിർണ്ണയിച്ചിരിക്കുന്നതു ദുർബ്ബലമാക്കുന്നവനാർ? അവന്റെ കൈ നീട്ടിയിരിക്കുന്നു. അതു മടക്കാവുന്നവനാർ? (യെശ.14:24-27).

അമേരിക്കയിലുള്ള ഒരു വാരിക ഇന്ന് ലോകത്തിൽ കാണുന്ന കയ്പിന്റെയും കലക്കങ്ങളുടെയും അതൃപ്തിയുടെയും മൂലകാരണം എന്താണെന്ന് ചൂണ്ടിക്കാണിക്കുന്ന ലേഖനം ഒരു പേജിൽ കവിയാതെ വായനക്കാരിൽ നിന്നും ക്ഷണിക്കയുണ്ടായി. നല്ല ലേഖനത്തിന് ഒരു പാരിതോഷികവും പ്രഖ്യാപിക്കുകയുണ്ടായതിനു ശേഷം ലേഖനങ്ങൾ കിട്ടി. അതിലൊന്ന് ഇപ്രകാരമായിരുന്നു. To the Editor, 'I' remain (sd/) ലേഖനം തീർന്നു. സമ്മാനവും കിട്ടി. പ്രിയ സഹോദരങ്ങളേ, ഇന്ന് ലോകത്തിൽ കാണുന്ന എല്ലാ കലക്കത്തിന്റെയും മൂല കാരണം 'I'(ഞാൻ) ആണ്. വളരെ പൊക്കമുള്ള 'ഞാൻ'. അത് ഏറ്റവും ചെറിയ 'i' ആയിത്തീർന്നിരുന്നെങ്കിൽ ഈ വലിയ 'ഞാൻ' ഭാവം സഭാതലത്തിൽ പ്രവേശിച്ചാലുള്ള അവസ്ഥയോ? കലക്കം, സർവ്വത്ര കലക്കം.



www.bahrainbrethren.com

അപ്പൊസ്തലനായ പൗലൊസ് ഇന്നു നമ്മുടെ മദ്ധ്യേ ഉണ്ടായിരുന്നെങ്കിൽ ഇന്നത്തെ ഈ പോക്കു കണ്ട് എന്തു പറയുമായിരുന്നു. "അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവൻ ആ പാപികളിൽ ഒന്നാമൻ, അകാലപ്രജപോലുള്ളവൻ" എന്ന് തന്നെത്തന്നെ വിശേഷിപ്പിച്ച എന്റെ അനുകാരികളാകുവിൻ എന്ന് ആഹ്വാനം ചെയ്ത ആ കർത്തൃദാസന്റെ അനുകാരികളാണോ നാം? ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പീൻ എന്ന് പഠിപ്പിച്ച വാഴ്ത്തപ്പെട്ട കർത്താവിന്റെ അനുകാരികളാണല്ലോ നാം?

മർക്കൊസ് 10 ൽ സെബദിപുത്രന്മാരും ബാക്കി 10 ശിഷ്യന്മാരും തമ്മിൽ നടന്നതായി രേഖപ്പെടുത്തിയിരിക്കുന്ന രംഗം നോക്കുക. ക്രിസ്തുവിന്റെ രാജ്യത്തിൽ തങ്ങൾക്കായി അഭികാമ്യ സ്ഥാനങ്ങൾ നേടുകയായിരുന്ന ആ രണ്ടു സഹോദരന്മാർ അവരുടെ സ്വാർത്ഥതയെപ്പറ്റി രോഷം കൊള്ളുകയായിരുന്നു. ശേഷിച്ച 10 പേരും തികഞ്ഞ നിസ്വാർത്ഥതയും എല്ലാവരുടെയും നന്മ ആ 2 ശിഷ്യസഹോദരന്മാരും കാംക്ഷിച്ചിരുന്നെങ്കിൽ അങ്ങനെയൊരു രംഗം അവിടെ സംജാതമാവുകയില്ലായിരുന്നു. ആ 10 പേരുടെയും അമർഷത്തിനും അവജ്ഞയ്ക്കും അവർ ഇരയാവുകയില്ലായിരുന്നു.

എന്തിനധികം? തന്റെ ഭൗമീക ജീവിത കാലമത്രയും സ്വയത്യാഗത്തിന്റെയും പരസ്നേഹത്തിന്റെയും മൂർത്തഭാവമായിരുന്ന നമ്മുടെ കർത്താവിന്റെ തിരുസന്നിധിയിൽ വെച്ചു തന്നെ തങ്ങളിൽ വലിയവൻ ആരെന്ന് ശിഷ്യന്മാരുടെയിടയിൽ തർക്കവും കുശുകുശുപ്പും ഉണ്ടായില്ലേ. സ്വാർത്ഥതയെ എന്നന്നേക്കുമായി കുഴിച്ചു മൂടി സഹശിഷ്യന്മാരെ തങ്ങളേക്കാൾ ശ്രേഷ്ടരെന്നെണ്ണി മറ്റുള്ളവരുടെ നന്മയ്ക്കായി കഴിവുള്ളിടത്തോളം ആത്മാർത്ഥമായി പ്രവർത്തിക്കുകയെന്ന അതിവിശിഷ്ടമായ സ്വർഗ്ഗീയ പ്രമാണം അറിയുകയും അത് ആവർത്തിക്കുകയും ചെയ്തിരുന്നു എങ്കിൽ അങ്ങനെ ഒരു തർക്കം അവരുടെ മദ്ധ്യേ ഉത്ഭവിക്കില്ലായിരുന്നു. തന്നെത്തന്നെ ഒഴിച്ചു കളയുകയെന്ന് ആത്മീയൗന്നത്യത്തെപ്പറ്റി തെല്ലെങ്കിലും അറിയുന്നവരാരും ഒരിക്കലും സ്വാർത്ഥമോഹികൾ ആകയില്ല. സ്വാർത്ഥത വാഴുന്നിടത്ത് അസൂയ, പിണക്കം, പക, വിരോധം, തർക്കം, കുഴച്ചിൽ, മറ്റുള്ളവരെ നിസ്സാരവൽക്കരിക്കുക എന്നു വേണ്ട സർവ്വത്ര തിന്മകളും വാഴുക തന്നെ ചെയ്യും. Don't Covet another's ministry എന്ന് ഒരു കർത്തൃ ദാസൻ എഴുതിയത് വായിക്കുകയുണ്ടായി. വളരെ ചിന്തിക്കേണ്ട ഒരു വിഷയമാണിത്. ഇന്നു നമ്മുടെ മദ്ധ്യേ മുളച്ചു വരുന്ന വേരുകളെപ്പറ്റി നാം ബോധവാന്മാരാണോ? പടപ്പു വള്ളികൾ നീട്ടിപ്പിടിച്ച് കയറി പടർന്ന് പന്തലിക്കുകയല്ലേ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അവയോടൊപ്പം തന്നെ അവയുളവാക്കുന്ന കെടുതികളും വർദ്ധമാനമായ തോതിൽ വ്യാപകമാകുന്നില്ലേ? അവ ഹൃദയപരമാർത്ഥികളായ എത്രയെത്ര സാധുവിശ്വാസികൾക്ക് ആത്മീയ മലിനീകരണമാകുന്നു. ഏതാദൃശ്യ കൈപ്പും മുളയിലേ തന്നെ നുള്ളികളയുവാനും അങ്ങനെ പിന്നത്തേതിൽ ഭയങ്കരമായ കെടുതിയും നാശവും ദുരിതവും ഒഴിവാക്കുവാനും ആടുകളെ സ്നേഹിക്കുന്ന ഒരു ഇടയന്റെ നീതിയുക്തമായ ഇടുപെടലോ, പരിപാലനമോ മറ്റൊരു സഹോദരന്റെ ആത്മാർത്ഥമായ കരുതലോ ഉണ്ടായിരുന്നെങ്കിലെന്ന് നാം പലപ്പോഴും ആഗ്രഹിച്ചു പോയിട്ടില്ലേ.

കയ്പ്പുള്ള വല്ല വേരും മുളച്ചുവന്ന് അപരിഹാര്യമാംവണ്ണം ദോഷഫലമുളവായി വ്യാപകമായ കെടുതിയുളവാകുന്നതിനെ തടയിടുവാൻ ആവശ്യമായ സ്വർഗ്ഗീയ കൃപ ലഭിക്കേണ്ടതിനായി നമുക്ക് കൃപാസനത്തിന്റെ മുൻപിലായിരിക്കാം.

പ്രിയരേ നമ്മുടെ ജീവിതത്തിന്റെ നൈമിഷികതയെപ്പറ്റി വല്ലപ്പോഴുമെങ്കിലും ചിന്തിക്കാറുണ്ടോ? കഴിഞ്ഞ ജൂൺ മാസത്തിൽ എനിക്കും കുടുംബമായി കാനഡയിലുള്ള എന്റെ മകളോടും കുടുംബത്തോടും ചേർന്ന് അവിടെയുള്ള ബ്രിട്ടീഷ് കൊളംബിയ, വിക്ടോറിയ, വാൻ കൂവർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമുണ്ടായി. അവിടെ ബട്ടർഫ്ളൈ ഗാർഡനിൽ കണ്ട ഒരു ചിത്രശലഭത്തിന്റെ ജീവചരിത്രം ആരെയും ചിന്തിപ്പിക്കുന്നതാണ്. ATLAS എന്ന പേരിൽ അറിയപ്പെടുന്ന ഈ ചിത്രശലഭത്തിന്റെ മുട്ടവിരിഞ്ഞുണ്ടാകുന്ന പുഴു ഇലകൾ തിന്ന് വളർന്ന് "കൊക്കൂണിൽ" പ്രവേശിച്ചാൽ അവിടെ കഴിഞ്ഞുകൂടുന്നത് 3 വർഷക്കാലം. പ്യൂപ്പ സ്റ്റേജ് കഴിഞ്ഞ് കൊക്കൂൺ പൊട്ടിശലഭം പുറത്തു വന്നാൽ ജീവിക്കുന്നത് കേവലം 5 ദിവസം മാത്രം. 5 ദിവസം കഴിയുമ്പോൾ ചത്തുവീഴും. (ഈ ചിത്രശലഭത്തിന്റെ ജീവചരിത്രത്തിന്റെ അടിക്കുറിപ്പിൽ പ്രസിദ്ധീകരിച്ചു കണ്ടത്). നമ്മുടെ ആയുസ് കേവലം 4 വിരൽ നീളം മാത്രം. നമ്മുടെ ഈ ലോകത്തിലെ ജീവതം നിത്യതയുമായി തുലനം ചെയ്യുമ്പോൾ എത്രയോ ചെറിയ ഒരു ജീവിതം. ഇവിടെ തമ്മിൽ സമാധാനത്തിൽ കഴിയാൻ സാധിക്കുന്നില്ലെങ്കിൽ നിത്യതയിൽ എങ്ങനെയാണ് കർത്താവിനോടുകൂടെ ജീവിക്കാൻ പോകുന്നത്. അബ്രഹാമിന്റെയും ലോത്തിന്റെയും ഇടയന്മാർ തമ്മിൽ കലഹമുണ്ടായപ്പോൾ അബ്രഹാം ലോത്തിനോടു പറഞ്ഞു.



www.bahrainbrethren.com

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.102-ഉത്തരം

**വിഷയം : ദൈവമക്കൾ ക്രിസ്തുയേശുവിൽ കഷ്ടം അനുഭവിച്ചാൽ!**

**വായനഭാഗം** : റോമ.5, 2 കൊരി 4, 1 തെസ്സ. 3, 1 തിമൊ. 3, യാക്കോ. 1, 2 പത്രോ. 2,4,5, വെളി. 21, 22

I. ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉള്ള അനുഭവം എന്ത്?

ഉത്തരം : 2 തിമൊ. 3:12 ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും.

ഒ.വാ. (1) പ്രവൃ. 14:22. നാം അനേകം കഷ്ടങ്ങളിൽക്കൂടി ദൈവരാജ്യത്തിൽ കടക്കണം.

(2) മത്താ. 24:9 എന്റെ (കർത്താവിന്റെ) നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. (3) 1 തെസ്സ. 3:3,4 കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു. നാം കഷ്ടം അനുഭവിക്കേണ്ടി വരും. (4) ലൂ. 9:23 ഒരുത്തൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശെടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ. (5) റോമ 8:18 നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല. (6) 2. കൊരി. 12:10 അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. (7) ഫിലി. 3:11,..... ഞാൻ (പൗലോസ്) അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറ് എന്ന് എണ്ണുന്നു. 8 യോഹ. 15:19-20 ലോകം കർത്താവിനെ പകച്ചു. നമ്മെയും പകയ്ക്കുന്നു.

II. ഭൂമിയിൽ എന്ത് അനുഭവിപ്പാനാണ് നമ്മെ (ദൈവമക്കളെ) നിയമിച്ചിരിക്കുന്നത്?

ഉത്തരം. 1. തെസ്സ. 3:3 കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു.

ഒ.വാ. (1) തെസ്സ. 3:4 നാം കഷ്ടം അനുഭിക്കേണ്ടി വരും എന്ന് ഞാൻ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ മുമ്പുകൂട്ടി പറഞ്ഞിട്ടുണ്ടല്ലോ. (2) പ്രവൃ. 9:16. കർത്താവ് പറഞ്ഞു: എന്റെ നാമത്തിനുവേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടി വരും എന്ന് ഞാൻ അവനെ കാണിക്കും. (3) ഫിലി. 1:29. ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു. (4) 1. പത്രൊ. 2:20, 21..... നിങ്ങൾ നന്മ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ അത് ദൈവത്തിനു പ്രസാദം, അതിനായിട്ട് വിളിച്ചിരിക്കുന്നു. ക്രിസ്തു നമുക്കു മാതൃക.

---

"നാം സഹോദരന്മാരല്ലോ?" പ്രയാസങ്ങളൊക്കെയുണ്ടെങ്കിലും സഹോദരന്മാരാണെന്ന കാര്യം നമുക്കോർമ്മയിൽ വയ്ക്കാം.

ഒരു വിശ്വാസിയുടെ ജീവിതം വിശുദ്ധമായിരിക്കണം. കാരണം "ഞാൻ വിശുദ്ധനായിരിക്കയാൽ നിങ്ങളും വിശുദ്ധരായിരിപ്പീൻ" (ലേവ്യ. 11:44). അതായത് അശുദ്ധിക്ക് തന്നിൽ സ്ഥാനമില്ലാത്തതിനാൽ നമ്മെ കഴുകി വെടിപ്പാക്കുവീൻ. വിശുദ്ധ ജീവിതത്തിന് ദൈവഭയം അനിവാര്യമത്രേ. നാം ദൈവത്തെ ഭയപ്പെടുന്നവരാണോ? ദൈവഭയമെന്നത് ആദാമിനും ഹവ്വായ്ക്കും ഓടിഒളിക്കുവാൻ കാരണമായിത്തീർന്ന വികാരമായിരിക്കരുത്. എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്തവന്, ക്രൂശിൽ എനിക്കുവേണ്ടി ജീവൻ വെടിഞ്ഞവന് ദുഃഖകാരണമായി ഞാൻ എന്തെങ്കിലും പ്രവർത്തിച്ചുവോ എന്ന കുറ്റബോധത്തിൽ ഉയരുന്ന ഭയമായിരിക്കണം. അപ്പോൾ നമുക്കോടിച്ചെന്ന് അവന്റെ കാലിൽ വീഴാനുള്ള പ്രേരണയുണ്ടാകും. അവിടുന്ന് നമ്മുടെ (അനുതാപത്തിന്റെ)കണ്ണുനീരിന്റെ വില കല്പിച്ചുതരും. അവന്റെ ശിക്ഷകളെല്ലാം നമ്മെ ശുദ്ധീകരിക്കുവാനുള്ളതാകയാൽ ഭയപ്പെടേണ്ടതില്ല. ഇന്ന് സഭാവിശ്വാസികൾക്ക് മാനസാന്തരത്തിന്റെ ഒരനുഭവം ആവശ്യമുണ്ട്. "മാനസാന്തരപ്പെട്ടവർ തന്നെ വീണ്ടും ഒരു മാനസാന്തരത്തിന്റെ അനുഭവത്തിൽ" വരേണ്ടതായുണ്ട്. അപ്പോൾ മാത്രമേ ലൂക്കൊസ് 19-ാം അദ്ധ്യായത്തിൽ സക്കായി ഏറ്റുപറഞ്ഞതുപോലെ വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ 4 മടങ്ങ് മടക്കിക്കൊടുക്കുന്നു എന്നു ദൈവസന്നിധിയിൽ ഏറ്റുപറയാൻ സാധിക്കുകയുള്ളൂ. കാഴ്ചയില്ലാത്ത ഒരാൾ നടക്കുമ്പോൾ റാന്തൽ വിളക്കുമായിട്ടായിരുന്നു നടക്കുന്നത്. എന്തിനാണ് ഇങ്ങനെ എന്നു ചോദിച്ചപ്പോൾ പറഞ്ഞ ഉത്തരം ശ്രദ്ധേയമാണ്. "എന്നെ മുട്ടി ആരും വീഴരുത്" ഇതു തന്നെയായിരിക്കട്ടെ നമ്മുടെ തീരുമാനവും. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ. ●



www.bahrainbrethren.com

III. അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ സർവ്വ കൃപാലുവായ ദൈവം വിളിച്ചിരിക്കുന്നത് എന്തിനായി?

ഉത്തരം : 1, പത്രോ. 5:10. അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്നു.

ഒ.വാ. (1) 2. കൊരി. 4:17 നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം കിട്ടുവാൻ ഹേതുവാകുന്നു. (2) 1. പത്രൊ. 4:13. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചാൽ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. (3) 2. തിമൊ. 2:11 നാം അവനോടുകൂടെ മരിച്ചു എങ്കിൽ, കൂടെ ജിവിക്കും; സഹിക്കുന്നുവെങ്കിൽ കൂടെ വാഴും.

IV. പരീക്ഷസഹിക്കുന്ന മനുഷ്യൻ കൊള്ളാവുന്നവനായിതെളിഞ്ഞ ശേഷം പ്രാപിക്കുന്നതെന്ത്?

ഉത്തരം : യാക്കോ. 1:12 പരീക്ഷസഹിക്കുന്ന മനുഷ്യൻ കൊള്ളാവുന്നവനായിതെളിഞ്ഞ ശേഷം ....... ജീവകിരീടം പ്രാപിക്കും.

ഒ.വാ. : (1) വെളി. 2:10 മരണപര്യന്തം വിശ്വസ്ഥനായിരിക്ക എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും. (2) 2. തിമൊ. 4:7-8 ൽ ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു. വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കു വച്ചിരിക്കുന്നു..... കർത്താവ് ആ ദിവസത്തിൽ അത് എനിക്കു തരും. (1. കൊരി. 9:25). (3) 1.പത്രൊ. 5:3-4, 1. കൊരി. 9:25. ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്യുന്നവർക്ക് ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാത്ത കിരീടം ലഭിക്കും. (4) ദാനി 12:12,13. കാലാവസാനത്തിൽ നിന്റെ ഓഹരി പ്രാപിപ്പാൻ എഴുന്നേറ്റു വരും.

V. ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാൽ എന്തു ചെയ്യരുത്? ആരെ മഹത്വപ്പെടുത്തണം?

ഉത്തരം : 1. പത്രോ. 4:16 ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുയത്രേ വേണ്ടത്.

ഒ.വാ. : (1) റോമ. 14:8 ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായിട്ട് ജീവിക്കുന്നു.... മരിക്കുന്നു എങ്കിൽ കർത്താവിനായിട്ട് മരിക്കുന്നു. (2) 1.കൊരി 6:19-20. നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല. നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (3) 2. കൊരി. 12:10 ക്രിസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം ഞെരുക്കം എന്നിവ സഹിപ്പാൻ പൗലൊസ് ഇഷ്ടപ്പെടുന്നു. (4) 2 കൊരി. 7:4..... ഞങ്ങളുടെ സകല കഷ്ടങ്ങളിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു. (5) പ്രവൃ. 5:41. തിരുനാമത്തിനുവേണ്ടി അപമാനം സഹിക്കാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചു.

VI. നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നത് എന്ത് അറിഞ്ഞുകൊണ്ടാണ്?

ഉത്തരം : റോമ. 5:3,4 കഷ്ടത സഹിഷ്ണുതയേയും സഹിഷ്ണുത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.

ഒ.വാ. (1) 1 പത്രോ. 1:6 ഇപ്പോൾ അല്പനേരത്തേക്ക് നാനാ പരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടി വന്നാലും ആനന്ദിക്കുന്നു. (2) യാക്കോ. 1:2-3. നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ, വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്നെണ്ണുവിൻ. (3) 2. തെസ്സ. 1:4 നിങ്ങൾ സഹിക്കുന്ന സകല കഷ്ടങ്ങലിലുമുള്ള നിങ്ങളുടെ സഹിഷ്ണുതയും വിശ്വാസവും നിമിത്തം ഞങ്ങൾ ദൈവത്തിന്റെ സഭകളിൽ നിങ്ങളെച്ചൊല്ലി പ്രശംസിക്കുന്നു.

VII. നാം എന്തു ചെയ്തിട്ടു കഷ്ടംഅനുഭവിക്കുന്നതാണ് ദൈവത്തിനു ഇഷ്ടം?

ഉത്തരം : 1. പത്രൊ.2:20 നന്മ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്.

ഒ.വാ. (1) 1 പത്രൊ. 2;19. ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അതു പ്രസാദം. (2) 1 പത്രോ. 3:17 നിങ്ങൾ കഷ്ടം സഹിക്കണമെന്ന് ദൈവഹിതമെങ്കിൽ തിന്മ ചെയ്തിട്ടല്ല, നന്മചെയ്തിട്ട് സഹിക്കുന്നത് ഏറ്റവും നന്ന്. (3) 1 പത്രോ. 4:14 ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ.

**സ്ഥലപരിമിതി മൂലം ശേഷം അടുത്ത ലക്കത്തിൽ മാത്രം**



www.bahrainbrethren.com

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കോഴിക്കോട് :** സുവി. വാസു ഡി. പോൾ ഹിന്ദു പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട് 1996 ൽ സ്നാനപ്പെട്ട് 1997-99 ൽ ബൈബിൾ കോളേജിൽ പഠിച്ചു. 2003 മുതൽ കോഴിക്കോട് ബ്രദറൺ സഭയുമായി കുടുംബമായി ബന്ധപ്പെടുവാനും വിവിധ നിലകളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനും ഇടയാകുന്നു. വൈ.എം. ഇ.എഫ്. നോർത്ത്, സൗത്ത് ഡിവിഷൻ ടീമിനോട് ചേർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സുവിശേഷം അറിയിക്കുവാൻ ഇടയായിട്ടുണ്ട്. പ്രവർത്തനങ്ങൾ മുഖാന്തിരം പലരും രക്ഷിക്കപ്പെട്ടിട്ടുണ്ട്. രക്ഷിക്കപ്പെട്ടവർ സ്നാനമേറ്റ് സഭയോടു ചേരുവാനും പ്രവർത്തനത്തിനു വേണ്ടിയും ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു. വിലാസം Evg. Vasu D. Paul, A.R. Apartments, 7/11-C, Eranhikkal P.O., Kozhikode - 673 303. Ph: 09387430335 എന്ന് പ്രൊഫ. പി.പി. സഖറിയ, വി.എം. ഏബ്രഹാം.

**തൃശൂർ** : 2008 ജനു.- മാർച്ച് വരെ ആസ്ട്രേലിയ, ന്യൂസിലാന്റ്, ടോങ്കദ്വീപുകൾ എന്നീ രാജ്യങ്ങളിലേക്കും ജൂൺ-ജൂലൈ വരെ ഈജിപ്റ്റ്, യോർദ്ദാൻ, യു.എ.ഇ. എന്നീ രാജ്യങ്ങളിലേക്കും സുവിശേഷ യാത്രകൾ പോകുവാൻ സാധിച്ചു. ഈ 6 രാജ്യങ്ങളിൽ ശുശ്രൂഷിച്ചിരിക്കുന്ന വചനത്തിന്മേൽ ദൈവാനുഗ്രഹത്തിന്റെ പിന്മാരി ചൊരിയപ്പെടേണ്ടതിന് ദൈവജനം പ്രാർത്ഥിക്കുവാൻ താല്പര്യപ്പെടുന്നു. എന്ന് എം.എ. ജോയി.

**പെരിങ്ങമ്മല :** ഡിസം. 3 ന് ഏകദിന സുവിശേഷ പ്രവർത്തനം നടന്നതിന്റെ ഫലമായി 26 പേർ രക്ഷിക്കപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥലം സഭകളിൽ നിന്നുള്ള 20 സുവിശേഷകന്മാരും മറ്റു സഹോദരന്മാരും പ്രവർത്തനത്തിൽ സഹകരിച്ചു. രക്ഷിക്കപ്പെട്ട് പെരിങ്ങമ്മല സഭയിൽ വന്നുകൊണ്ടിരുന്ന 5 പേരുടെ സ്നാനശുശ്രൂഷയും അന്നേദിവസം നടന്നു. ദൈവജനം തുടർന്നും പെരിങ്ങമ്മല സഭയേയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കേണമേ. എന്ന് റ്റി. സദാനന്ദൻ, സി.വി. തോമസ്. സഭയുടെ വിലാസം ഹെബ്രോൻ ബ്രദറൺ അസംബ്ലി, തെറ്റിവിള, പെരിങ്ങമ്മല, കള്ളിയൂർ പി. ഒ.,തിരുവനന്തപുരം - 695042

**കോഴഞ്ചേരി** : 2004 മുതൽ ഒരു സഭാകൂടിവരവ് കോഴഞ്ചേരി സെന്റ് തോമസ് കോളജിനു സമീപം പാലയ്ക്കത്തറയിൽ ബിൽഡിംഗിൽ നടന്നുവരുന്നു. 20 പേർ കൂടിവരവിൽ ഉണ്ട്. സുവി. രാജൻ വി. തോമസ് ഇവിടെ പ്രവർത്തിക്കുന്നു. ഇപ്പോൾ വാടകമുറിയിലാണ് കൂടിവരവുകൾ നടക്കുന്നത്. സഭാഹാളും സെമിത്തേരിയും എത്രയും പെട്ടെന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. ജോലിയോടുള്ള ബന്ധത്തിലും പഠനത്തിലും താമസത്തിനുമായും മറ്റും കടന്നുവരുന്ന സഹോദരീസഹോദരന്മാർക്ക് ഇവിടെയുള്ള ആരാധനാ കൂടിവരവിൽ സംബന്ധിക്കാവുന്നതാണ്. പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. വിലാസം. സുവി. രാജൻ വി. തോമസ്, പോസ്റ്റ് ബാഗ് നമ്പർ - 4, കോഴഞ്ചേരി - 689 641, ഫോൺ: 9947120181. എന്ന് പി.പി. ജയകുമാർ.

**വൈ.എം.ഇ.എഫ്. മലപ്പുറം** : സഭാരൂപീകരണം ലക്ഷ്യമാക്കി പോത്തുക്കല്ലിൽ ആരംഭിച്ച പ്രവർത്തനം കഴിഞ്ഞ 11 മാസങ്ങളായി തുടർന്നു വരുന്നു. ജില്ലയിലെ സ്ഥലം സഭകളിൽ നിന്നുള്ള സുവിശേഷകന്മാരും സഹോദരന്മാരും പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. പലരും രക്ഷിക്കപ്പെടുവാനിടയായിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും

## ബൈബിൾ പ്രശ്നാവലി നം. 102 - ജയിച്ചവരുടെ മാർക്കു വിവരം

| | | |
|---|---|---|
| 1. | ഏലിയാമ്മ പൗലോസ്, തൃശൂർ | 213 |
| 2. | വത്സമ്മ തോമസ്, ജാൻസി | 177 |
| 3. | മേരി ജേക്കബ്, കല്ലിശ്ശേരി | 174 |
| 4. | ജയിനമ്മ ശാമുവേൽ, പേരൂർക്കട | 167 |
| 5. | അമ്മിണി തോമസ്, പുല്ലാട് | 164 |
| 6. | സാം കിഴവറമണ്ണിൽ, മുബൈ | 159 |
| 7. | സുനി ഷാജി, ഡാമൻ | 154 |
| 8. | ആലീസ് സാം, സീബ് | 153 |
| 9. | തങ്കമ്മ ഡാനിയേൽ, തൃശൂർ | 150 |
| 10. | ആലീസ് കോര, പുതുപ്പള്ളി | 148 |
| 11. | ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം | 147 |
| 12. | ജസ്സി കെ. പോൾ, ഒറീസാ | 146 |
| 13. | ഏലിയാമ്മ കോശി, ബാംഗ്ളൂർ | 141 |
| 14. | ജയിനമ്മ പൗലോസ്, പൂനെ | 141 |
| 15. | കുഞ്ഞമ്മ വർഗീസ്, കോഴിമല | 138 |
| 16. | രത്നാ ജേക്കബ്, പുതുപ്പള്ളി | 136 |
| 17. | ഒ.വി. ജോസഫ്, പുല്ലാട് | 133 |
| 18. | ഡയ്സമ്മ തങ്കച്ചൻ, ചുരു | 132 |
| 19. | ബറ്റി ഡേവിഡ്, വെള്ളൂർ | 129 |
| 20. | ജസി സാം, റാന്നി | 123 |
| 21. | പി.റ്റി. ഫിലിപ്പ്,ബാംഗ്ളൂർ | 120 |
| 22. | അന്നമ്മ ചാക്കോ, മണ്ണാരത്തറ | 114 |
| 23. | ജോസിലി അനിൽ, മുബൈ | 110 |
| 24. | സിസ്സി ബിം, മീനങ്ങാടി | 110 |
| 25. | ഏലിയാമ്മ തോമസ്, രാജകുമാരി | 100 |
| 26. | ജോയിസ് ജോൺ, ഹൊസൂർ | 95 |


www.bahrainbrethren.com

ചെയ്യണമേ. സാമ്പത്തിക കൂട്ടായ്മയ്ക്കുള്ള വിലാസം ജോൺ സാമുവേൽ, വെഞ്ചാലിൽ ഹൗസ്, കുളക്കണ്ടം – നിലമ്പൂർ പി.ഒ., മലപ്പുറം, എന്ന് പ്രസിഡന്റ് ബാബു വർഗ്ഗീസ്, സെക്രട്ടറി പി.എ. സേവ്യർ, 9745486699

## രോഗികൾ

**തിരുവനന്തപുരം :** ബാലരാമപുരം തേമ്പാമുട്ടം ബ്രദറൺ സഭയിലെ സുവി. റ്റി.പി. കനകരാജ് സ്പോണ്ടിലോസിസും കൈവേദനയും നിമിത്തം ചികിത്സയിൽ ആയിരിക്കുന്നു. അടുത്ത 2 വർഷം ഇതിനുവേണ്ടി ആയുർവ്വേദ ചികിത്സ ആവശ്യമായിരിക്കുന്നു. ഒരു പ്രാവശ്യത്തെ ചികിത്സയ്ക്ക് അമ്പതിനായിരത്തിലധികം രൂപാ ചെലവാകുന്നുണ്ട്. പ്രിയ സഹോദരന്റെ സൗഖ്യത്തിനും ചികിത്സയ്ക്കുമായി ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു. സഭയ്ക്കുവേണ്ടി, മോഹനൻ, രാജേഷ്. വിലാസം-കനകരാജ് റ്റി.പി., ബൈബിൾ ഭവൻ, റസ്സൽപുരം പി.ഒ., ബാലരാമപുരം–695505.

**ബൊക്കാറോ സ്റ്റീൽ സിറ്റി :** സുവി. കെ. ഗോപാലകൃഷ്ണൻ 2008 ഫെബ്രു. 26 ന് ഉണ്ടായ ഒരു വീഴ്ചയെ തുടർന്ന് നടത്തിയ മെഡിക്കൽ പരിശോധനയിൽ തലച്ചോറിൽ നിന്ന് വരുന്ന ഒരു ഞരമ്പ് ചുരുങ്ങിയതായിട്ട് കണ്ടു. 2 കൈകളുടെയും മസ്സിൽസ് വണ്ണം കുറയുകയും പെടലിക്ക് വളരെ വേദന അനുഭവപ്പെടുകയും ചെയ്യുന്നു. ഈ കാരണത്താൽ 17–11–08 ൽ ബൊക്കാറോ സ്റ്റീൽ സിറ്റിയിലുള്ള ബി.ജി.എച്ച് ആശുപത്രിയിൽ കഴുത്തിന് ഒരു മേജർ ഓപ്പറേഷന് വിധേയനായി. എത്രയും പെട്ടെന്ന് പൂർണ്ണ സൗഖ്യം പ്രാപിച്ച് കർത്തൃവേലയിൽ തുടരേണ്ടതിനായ് ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും. K. Gopalakrishnan, Qr. No. 2147/IV-A, Sector IV B.S. City, Jharkand - 827004, India.

## കൺവൻഷൻ/ക്യാമ്പ്

### ചെമ്മരപ്പള്ളി ബ്രദറൺ കൺവൻഷൻ 09

2009 ലെ ചെമ്മരപ്പള്ളി ബ്രദറൺ കൺവൻഷൻ ഫെബ്രു. 3 – 7 വരെ സഭാ മൈതാനിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. **പ്രസംഗകർ** – എം.എം. സഖറിയ, ചാണ്ടപ്പിള്ള ഫിലിപ്പ്, പി.എസ്. തമ്പാൻ, ഒ.ജെ. ജോൺ, കെ.വി. തോമസ്. യോഗാനുഗ്രഹത്തിനായി പ്രാർത്ഥിക്കണമേ. സഭയ്കുവേണ്ടി, ജേക്കബ് കെ.ജെ., ദാനിയേൽ എം.എസ്, ദാനിയേൽ സി.ജെ.

### മണർകാട് കൺവൻഷൻ 2009

മണർകാട് പ്രദേശത്തുള്ള ബ്രദറൺ സഭകൾ ചേർന്ന് "മണർകാട് ബ്രദറൺ കൺവൻഷൻ 2009" എന്ന പേരിൽ ഒരു സുവിശേഷയോഗവും സംഗീതവിരുന്നും 2009 ജനു 22 – 25 വരെ വൈകുന്നേരം 5.30– 8.30 വരെ മണർകാട് ജംഗ്ഷനു സമീപമുള്ള തൊട്ടിയിൽ മൈതാനത്തുവെച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. **പ്രസംഗകർ** – ഡോ. ഒ.എം. ശാമുവേൽ, വി.ജെ. മാത്യു, ചാണ്ടപ്പിള്ള ഫിലിപ്പ്, വറുഗീസ് കുര്യൻ, ജോൺ ഫിലിപ്പ്. സംഗീത ശുശ്രൂഷ – ജെയിംസ് ജോൺ, ജോൺസൺ. ആരാധന, കുടുംബസംഗമം, സോദരീ സമ്മേളനം, യൂത്ത് മീറ്റിംഗ്, കുട്ടികളുടെ സംഗമം എന്നിവയും ക്രമീകരിച്ചിരിക്കുന്നു. എല്ലാ ശുശ്രൂഷകളുടെയും അനുഗ്രഹകരമായ നടത്തിപ്പിനായി ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. കൺവൻഷൻ കമ്മറ്റിക്കുവേണ്ടി ഇ.സി. ജോൺ.

### കൺവൻഷൻ – മാറ്റാംപുറം (തൃശൂർ)

2009 ഫെബ്രു. 13–15 വരെ സുവിശേഷ യോഗങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുന്നു. പ്രസംഗകൻ – ചാണ്ടപ്പിള്ള ഫിലിപ്പ്. ഗാനശുശ്രൂഷ – ജെ.പി. രാജൻ . സ്നാനശുശ്രൂഷയും സണ്ടേസ്കൂൾ വാർഷികവും ഉണ്ടായിരിക്കും. യോഗങ്ങളുടെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിച്ചാലും സഭയ്ക്കുവേണ്ടി സി.എം. കുര്യാക്കോസ്, എം.ഒ. വർഗ്ഗീസ്.

**ഗോപാൽപൂർ (ഒറീസ്സാ) :** ബ്രദറൺ അസംബ്ലി ഗോപാൽപൂരിന്റെ നേതൃത്വത്തിൽ 2009 ൽ 2 ഘട്ടങ്ങളിലായി ഒറീസ്സയിലെ അനേക ഗ്രാമങ്ങൾ സുവിശേഷീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഒന്നാം ഘട്ടം 2009 ഫെബ്രു. – ഏപ്രിൽ 30 വരെയും രണ്ടാം ഘട്ടം ഓക്ടോ. – ഡിസം. വരെയും ടീം പ്രവർത്തനങ്ങൾ നടക്കും. ആദ്യഘട്ടത്തിലേക്ക് തിരഞ്ഞെടക്കപ്പെട്ട ഗ്രാമങ്ങളിൽ ആണ് സുവിശേഷീകരണങ്ങൾ ചെയ്യപ്പെടുന്നത്. ദൈവമക്കളുടെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. ഒന്നാംഘട്ട മിനിസ്ട്രി ഗജപതി ജില്ലയിൽ സൗരഗോത്ര വർഗ്ഗക്കാരുടെ ഇടയിലാണ്. ആയതിനാൽ ഇതിലേക്ക് ഒറീയ, സൗര, ഇംഗ്ലീഷ് മുഴുവൻ ബൈബിളുകൾ അത്യാവശ്യമാകുന്നു. നശിച്ചുപോകുന്ന ആത്മാക്കളെ കർത്താവിനായി നേടുക എന്ന ലക്ഷ്യം സഫലീകരിക്കുവാനും ദൈവനാമം മഹത്വപ്പെടുവാനും പ്രാർത്ഥനാ സഹകരണങ്ങൾ ആഗഹിക്കുന്നു. മേൽപറഞ്ഞിരിക്കുന്ന ബൈബിളുകൾ ഒരുക്കിത്തരുന്നതിന് ആർക്കെങ്കിലും പ്രേരണയുണ്ടെങ്കിൽ ബന്ധപ്പെടുക. Email - dominic_orissa@yahoo.co.in, Mobile: 09437324398. സഭയ്ക്കു വേണ്ടി സുവി. ഡൊമിനിക്ക് കെ.എ.

## അഭ്യർത്ഥന

**പാടിമൺ :** സുവി. എ.എം. സണ്ണി കർത്തൃവേലയ്ക്കുള്ള വിളിയും താല്പര്യവും മൂലം വേലയ്ക്ക് തിരിയുകയും 1996–97 വർഷത്തിൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ചേർന്ന് വേദപഠനം നിർവ്വഹിക്കുകയും ചെയ്തു. അതിനുശേഷം എസ്.പി.എസ്. ഫണ്ടിലെ വേലക്കാരോട് ചേർന്ന് പല സ്ഥലം സഭകളിൽ ശുശ്രൂഷിക്കുകയും സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരികയുമാണ്. ഇപ്പോൾ ചേത്തയ്ക്കൽ പൊട്ടന്മല സഭയിൽ ശുശ്രൂഷകനായി തുടരുന്നു. സ്വന്തമായുള്ള 10 സെന്റ് സ്ഥലത്ത് വീടുവെച്ച് പാർക്കുന്നു. മക്കളുടെ വിദ്യാഭ്യാസത്തോടുള്ള ബന്ധത്തിൽ തന്റെ ആവശ്യം ദൈവമക്കളുടെ മുമ്പിൽ അവതരിപ്പിക്കാൻ താൻ നിർബ


www.bahrainbrethren.com

ഡിതനായിരിക്കുകയാണ്. മകൻ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സിന് രണ്ടാംവർഷമാണ്. മകൾക്ക് Bsc നേഴ്സിംഗിന് തൃശൂർ അമല നേഴ്സിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ചു. പഠനം തുടർന്നുകൊണ്ടിരിക്കുന്നു. 4 വർഷത്തെ പഠനത്തിന് 5 ലക്ഷത്തിൽപ്പരം രൂപാ ആവശ്യമാണ്. ഒന്നാംവർഷ ഫീസിനത്തിൽ 1,30,000 രൂപാ ബാങ്ക് ലോണും മറ്റു വിധത്തിലും ക്രമീകരിച്ച് അടയ്ക്കുവാൻ സാധിച്ചു. ബാങ്കിൽനിന്നുള്ള ലോണിന് പലിശ ഇനത്തിലും മകളുടെ ഹോസ്റ്റൽ ഫീസിനത്തിലും നല്ല ഒരു തുക മാസംതോറും ആവശ്യമാണ്. ഇക്കാര്യം സഹോദരീ സഹോദരന്മാരുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയിക്കുന്നു. മല്ലപ്പള്ളി കോർപ്പറേഷൻ ബാങ്കിൽ Account No. SB: 1640 ഉണ്ട്. പ്രാർത്ഥനയും സഹായസഹകരണങ്ങളും പ്രതീക്ഷിച്ചുകൊള്ളുന്നു. വിലാസം ഇവാ. എ.എം. സണ്ണി, എറപ്പുങ്കൽ ഹൗസ്, പാടിമൺ പി.ഒ. എന്ന് പി.ഡി.തോമസ്, കെ.ജെ. ജോർജ്ജ്, പി.ജെ. ജോസഫ്, സി.പി. അനിയൻ

## വിലാസമാറ്റം

A.S. Babukutty, B.7/202 Sukur Residency, Karar Vadavali P.O., Thane (W) - 400601, Maharashtra, Phone - 022 - 25973229.

## പുസ്തക പരിചയം

**നിസ്തുല്യനായ ക്രിസ്തു** : രചന – റ്റി.ജെ. തോമസ്, കുളനട. ഭോജനയാഗം, നിസ്തുല്യനായ ക്രിസ്തു എന്നീ ശീർഷകങ്ങളിൽ 2 ലേഖനപരമ്പരകൾ ആത്മപ്രകാശിനി മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നത് വായനക്കാർ ഓർത്തിരുക്കുമല്ലോ. അവ രണ്ടുംകൂടെ ചേർത്ത് ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഭോജനയാഗത്തെക്കുറിച്ചുള്ള ആദ്യഭാഗപഠനം ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ നമ്മെ സഹായിക്കുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ നിസ്തുല്യനായ ക്രിസ്തുവിനെ ഏറ്റവും ശ്രേഷ്ഠമായ നിലയിൽ ഉയർത്തിക്കാണിച്ചിരിക്കുന്നു. ജനനത്തിലും ജീവിതത്തിലും പ്രവർത്തിയിലും ഉപദേശത്തിലും മരണത്തിലും ഉയിർത്തെഴുന്നേല്പിലും മഹാപുരോഹിത ശുശ്രൂഷയിലും അവൻ നിസ്തുല്യനത്രേ. എല്ലാ വിശ്വാസഭവനങ്ങളിലും അവശ്യം ഉണ്ടായിരിക്കേണ്ട ഉത്തമ ഗ്രന്ഥം. 141 പേജുകളുള്ള പുസ്തക വില Rs 65/- മാത്രം. ബന്ധപ്പെടുക GLS Publishing, MGM Towers, Opp. KSRTC Pathanamthitta 689645.

**ഇംഗ്ലീഷ് പുസ്തകങ്ങൾ** – വേദപണ്ഡിതനായ വില്ല്യം മാക്ഡൊണാൾഡിന്റെ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള താഴെപ്പറയുന്ന പുസ്തകങ്ങൾ കുറഞ്ഞ വിലയിൽ ഇന്ത്യയിലെ എല്ലാ വിശ്വാസികൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഇംഗ്ലീഷിൽ പുനഃപ്രസിദ്ധീകരണം ചെയ്തിരിക്കുന്നു.

RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08
ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor

| | നിലവിലുള്ള വില ഡോളറിൽ | ഇപ്പോഴത്തെ വില |
|---|---|---|
| God's Answers to Man's Questions | $3.00 | Rs. 20 |
| The Grace of God | $3.00 | Rs.18 |
| Grasping for Shadows | $3.00 | Rs.10 |
| Let Me Introduce You to the Bible | $4.00 | Rs.18 |
| That's a Good Question | $1.5 | Rs.15 |
| Think of your Future | $3.00 | Rs.18 |
| Seek Ye First | $3.00 | Rs.10 |

പുസ്തകങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം Jacob Samuel T.C.12/19-1, Pattom Lower Road, Plamoodu, Pattam P.O., Trivandrum - 695004, Ph: 0471-2302757, A.V. George, T.C. 2/3003, Panachamoodu Lane, Pattom Palace P.O., Trivandrum. Ph: 0471 2447823. കൂടുതൽ പുസ്തകങ്ങൾ ആവശ്യമുള്ളവർ തിരുവനന്തപുരത്ത് മാറത്തക്കവണ്ണം D.D. അയയ്ക്കേണ്ടതാണ്. ചുരുക്കം കോപ്പികൾ ആവശ്യമുള്ളവർ മണിഓർഡർ അയയ്ക്കുക. പോസ്റ്റൽ ചാർജ്ജ്കൂടി ചേർത്ത് അയയ്ക്കേണ്ടതാണ്.

## വിവിധ വിഷയങ്ങൾ

**കോഴഞ്ചേരി** : കല്ലിശ്ശേരി ഉമയാറ്റുകര, കിഴക്കേതെക്കാട്ടിൽ ഗ്രഹാം വർഗ്ഗീസ് രചിച്ച് സംഗീതം പകർന്ന 50 ആത്മീയ ഗാനങ്ങളുടെ കാസറ്റുകളും സി.ഡി.കളും തയ്യാറാക്കിയിരിക്കുന്നു. ആശയറ്റവർക്ക് ആശ്വാസമായ് ആത്മാവിനെ തൊട്ടുണർത്തുന്ന ഈ ആത്മീയ ഗാനങ്ങൾ മാത്യു ജോൺ, ബിനോയ് ചാക്കോ, ജെ.പി.രാജൻ, കെസ്റ്റർ, കുട്ടിയച്ചൻ, ജിജി സാം തുടങ്ങിയവരാണ് ആലപിച്ചിട്ടുള്ളത്. കാസറ്റുകളും സി.ഡി.കളും ആവശ്യമുള്ളവർ ബന്ധപ്പെടുക. Rajan V. Thomas (Evg.), Post Bag No.4, Kozhencherry - 689 641, Mob: 9947120181



www.bahrainbrethren.com